UNIVERSITY LIBRARY
AUG 1949
MADRAS

# പാരിജാതം

പുസ്തകം 2 | മിഥുനം 1124 | ലക്കം 11

## മംഗളം.

(പരേതനായ ബ്രഹ്മശ്രീ നടുവത്തു് അച്ഛൻനമ്പൂതിരി.)

അഞ്ചിക്കുഴങ്ങിപ്പലമ്പുക്കുനോക്കി-
ക്കെഞ്ചിപ്പദംകട്ടുപിടിച്ചുവെച്ചു്,
കിഞ്ചിൽകൃതിക്കും കൃതിനല്പതാവാൻ
തുഞ്ചത്തെഴുത്തച്ഛനെ ഞാൻതൊഴുന്നേൻ!.

---

## നാട്ടാപത്ത്.

(പത്രാധിപർ.)

ഉള്ളൂരും ദിവംഗതനായി. മഹാകവി, ഉറച്ച പണ്ഡിതൻ, ഒന്നാന്തരം ഗവേഷകൻ, സമർത്ഥനായ ചരിത്രകാരൻ, പ്രശംസാർഹനായ പ്രസാധകൻ, വലിയവാഗ്മി, ഉദാരമതി, ഉത്തമഭക്തൻ എന്നീ നിലയിലെല്ലാം പ്രത്യേകം പ്രശോഭിച്ച കേരളമണ്ഡലത്തിലെ കേളികേട്ട സാഹിത്യ ചക്രവർത്തിതന്നെയായിരുന്ന ആ മഹാമനസ്കൻ. മഹാകവി വള്ളത്തോൾ അനുശോചിട്ടുള്ളതു് ഭാഷാസാഹിത്യചക്രവർത്തിപീഠം ആ മഹാൻെറ ശാശ്വതവിയോഗത്താൽ ശൂന്യമായി; ആ സ്ഥാനത്തേയ്ക്കു തല്ക്കാലം നാം ആരേയും കാണുന്നില്ല, എന്നുംമററുമാണു്.

"മരണദിവസവും ശിരസ്സിലാക്കി-
ധരണിതലം പ്രവിശന്തിമാനവന്മാർ"

എന്ന കവിവാക്യവും, അദ്ദേഹത്തിൻെറ വാർദ്ധക്യവുമാലോചിച്ചാൽ അദ്ദേഹം നിര്യാതനായതു്, അസ്വാഭാവികമെന്നുപറഞ്ഞുകൂട. പക്ഷെ, നമുക്ക് ആ മഹാശയനെക്കൊണ്ടു് നമ്മുടെ ഭാഷാഭണ്ഡാരപരിപൂരണാർത്ഥം വിവിധങ്ങളായ അമൂല്യസമ്പത്തുകൾ നേടാനിനിയുമിരിക്കുന്നതിനാലും, നമുക്കു ഏററവും ഇഷ്ടപ്പെട്ട ഒരു മഹാനുഭാവനാണദ്ദേഹമെന്നതിനാലും അദ്ദേഹത്തിൻെറ വേർപാടു ദുസ്സഹമായ ദുഃഖത്തിനും, തീർത്താൽത്തീരാത്ത നഷ്ടത്തിനും ഇടയാ

ക്കിയിരിക്കുന്നു. ഭാഷാദേവിയെ എണ്ണത്തിലും വണ്ണത്തിലുമുള്ള എത്ര എത്ര കവനരത്നാഭരണങ്ങളാണു ആ പ്രമുഖസാഹിത്യരത്നാകരം അണിയിച്ചിട്ടുള്ളതു്! യുവകവികൾക്കും, സാഹിത്യത്തിൽ അല്പമെങ്കിലും അഭിരുചിയുള്ളവൎക്കും അദ്ദേഹത്തിന്റെ പ്രോത്സാഹനജനകങ്ങളായ പെരുമാററം കേവലം സുരഭിയുടെ ദാനപ്രഭാവത്തിലും അധികരിച്ചതാണെന്നു പറഞ്ഞുകഴിയും. നമുക്കു കവികളും, മഹാകവികളും, ഗവേഷകന്മാരും, ചരിത്രകാരന്മാരും ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുമെങ്കിലും ത്രിവിധകരണങ്ങളാൽ ആൎക്കും കണ്ണിനും കരളിനും കുളൎമ വളൎത്തിക്കൊണ്ടു നമ്മുടെ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ ഉദിച്ചുല്ലസിച്ചുകൊണ്ടിരുന്ന ആ ഉത്തമദ്വിജരാജനെപ്പോലെയുള്ള ഒരു മഹനീയവ്യക്തിയെ ഇനിക്കിട്ടേണമെങ്കിൽ അദ്ദേഹം, സൃഷ്ടികൎത്താവിന്റെ കൃപയാൽ വീണ്ടും ഉടലെടുത്തു് അവതരിക്കതന്നെവേണം.

അവസാനകാലംവരെ താൻഎഴുതി ഏതാണ്ടു മുഴുമിക്കുമാറായ "ഭാഷാസാഹിത്യചരിത്രം" അന്തസ്സും അഴകുമുള്ള ഒരു വിശിഷ്ടവിജ്ഞാനദായകഗ്രന്ഥമായി പുറത്തുവരുന്നതു കണ്ടു ചരിതാൎത്ഥനാകാൻ അദ്ദേഹത്തിനു സാധിച്ചില്ലല്ലോ എന്നുള്ളതിൽ അദ്ദേഹത്തിന്റെ അഭിവന്ദ്യാത്മാവിനുള്ള പോലെതന്നെ നമുക്കും അനല്പമായ ആശാഭംഗമാണുള്ളതു്. പക്ഷേ,

"മുരണ്ടുമൂത്തൊന്നിനുമാവതല്ലാ-
തിങ്ങെത്ര പേരുണ്ടവരെത്തൊടാതെ
ലോകോപകാരത്തിനുതക്കശേഷി-
യുള്ളോരെയല്ലോ മൃതി തീണ്ടിടുന്നു"

എന്നകവിവാക്യത്തിന്റെ താല്പൎയ്യമോൎത്താൽ "നല്ലവസ്തുനാശം എളുപ്പമാണു്" എന്നൊക്കെസ്സമാധാനിക്കയുമാവാം. അദ്ദേഹത്തിന്റെ അഭാവത്താൽ കൈരളിയുടെ കണ്ണുപൊട്ടി, കവിതാവധൂടി വിധവയുമായി എന്നെല്ലാം ഞങ്ങൾ സമൎത്ഥിക്കുകതന്നെചെയ്യുന്നതു പക്ഷപാതിത്വംകൊണ്ടല്ലെന്നു നിൎമ്മത്സരമതികളായ സാഹിത്യനിരൂപകന്മാർ സമ്മതിക്കതന്നെചെയ്യും. ഏതായാലും ഇനി നാം ആ മഹാശയന്റെ നിൎയ്യാണത്തിൽ ധാരമുറിയാതെ കണ്ണീരൊഴുക്കിയിട്ടു കാൎയ്യമില്ല. അദ്ദേഹം നമുക്കു സമൎപ്പിച്ചിട്ടുള്ളതും യഥാൎത്ഥ സാഹിത്യസരണിയിൽ എന്നുകാലത്തും രാപ്പകലൊരുപോലെ പ്രോജ്വലിക്കുന്നതുമായ അദ്ദേഹത്തിന്റെ അതിവിശിഷ്ടങ്ങളായ ആശയാദൎശദീപം നമുക്കും, ഇനിയുള്ള തലമുറയ്ക്കും വഴിപിഴയ്ക്കാതെ മുന്നോട്ടുപോകുവാൻ തക്കനിലയിൽ അദ്ദേഹത്തിന്റെ മുഖ്യസ്മാരകമായി ഭവിക്കട്ടെ. ആ മാന്യസൌജന്യനിധിയുടെ വേൎപാടാൽ പൊതുവിൽ നമുക്കു നേരിട്ടതു വലിയ ഒരു "നാട്ടാപത്തു"തന്നെ. പ്രത്യേകിച്ചു പിഞ്ചുതയ്യായ "പാരിജാത"ത്തിനുതട്ടിയതോ കഠോരമായ തടിന്നിപാതമാണു്. അദ്ദേഹത്തിനു "പാരിജാത"ത്തോടുണ്ടായിരുന്ന അകൃത്രിമമായ വാത്സല്യത്തിനു അതിരില്ലായിരുന്നു. അഹഹാ! പാരിജാതതയ്യേ! നിനക്കു ആ മഹാത്മാവിന്റെ ആത്മാൎത്ഥമായ അനുഗ്രഹങ്ങളാൽ ക്രമേണ വളരുവാൻ സംഗതിവരുമാറാകട്ടെ!

സ്വൎഗ്ഗ്യപുരുഷന്റെ പ്രിയപ്പെട്ടകുടുംബാംഗങ്ങളും, മററുബന്ധുക്കളും ഈ അവസരത്തിൽ ദുസ്സഹമായ ദുഃഖത്താൽ ഏററവും വിവശരായിരിക്കയാണല്ലോ. അവരോടൊപ്പം ഞങ്ങളും ഈ സന്ദൎഭത്തിൽ നിൎവ്യാജം അനുശോചിക്കയും, ആ പുണ്യചരിതന്റെ പരിശുദ്ധാത്മാവു നിത്യശാന്തിയിൽത്തന്നെ ലയിക്കുവാൻ ഉള്ളഴിഞ്ഞു നേരുകയും ചെയ്തുകൊള്ളുന്നു.

# കേരളമഹാകവി.

-കേക-

(വള്ളത്തോൾ.)

—!!—

ഇത്ത്യത്തുവിപത്ത്യയോൽപാതത്തിൻ വരവെന്തി-
ന്ന,യ്യയ്യോ—മൃതിപ്പെട്ടു കേരളമഹാകവി:
വെൺനുരക്കണ്ണങ്ങളാം വെള്ളിപ്പുള്ളികൾ ചേർന്ന
വെണ്ണീറത്തണ്ണീരായ ചാരുനൂതനവസ്ത്രം
വൃഷ്ടിസംജ്ഞയാമുററതോഴിയാലുടപ്പിയ്ക്ക-
പ്പെട്ട,ബ്ധിസമീപത്തേയ്ക്കുഴറിഗ്ഗമിയ്ക്കവേ,
പെട്ടെന്നു"പമ്പാ-ചൂർണ്ണീ-നിള"കൾക്കൊരുമാന്ദ്യം
പെട്ടിതു; മെലിയാനും തുടങ്ങീ,തദംഗങ്ങൾ;
ചിരവിൽ വിളർത്തു ദിങ്മുഖങ്ങളാ,രോവെറു
കരിയെന്നോതത്ഥപാട്ടമായ്ച്ചുകാലാംഭോദത്തെ,
നിവൃത്തിയുത്തോല്ലാസം, നാട്ടമൈലുകൾ; നാനാ-
തരുവല്ലികൾ വെള്ളത്തുള്ളിയാം കണ്ണീർവാർത്തു;
തയ്യാം നെല്ലുരുകുമാറിങ്ങിടയ്ക്കൊരുമന്നാൾ
തിയ്യിറ്റൊത്തുകി,തീവ്രവെലിനാൽ വർഷാകാലം;
ഇത്ത്യത്തുവിപത്ത്യയോൽപാതത്തിൻവരവെന്തി-
ന്ന,യ്യയ്യോ,- മൃതിപ്പെട്ടാനുള്ളൂരാംമഹാകവി!
വീണുപോയ്,ഭട്ടരാമർക്ഷേത്രത്തിൻ കൊടിമരം;
കാണുമൊന്നിനിയെന്നു,കവനമഹോത്സവം?
നീണാൾക്കുപൂട്ടപ്പെട്ടു, നമ്മുടെഗുരുകുലം
ക്ഷോണിക്കൈവിട്ടാനല്ലോ, പണ്ഡിതകവി
ശ്രേഷ്ഠൻ!
കൈരളിതന്നെ മാതൃഭാഷ,യാലവിധനാം
സൂരിയ്ക്കു; തമിഴൊരു ചിററമ്മയെന്നേതോന്നു;
പരിചാരിണിയ്ക്കൊപ്പം പാർശ്വസേവിനി,
ഹൈണി;
പരയാംഗൈർവ്വാണിയോ,നിത്യോപാസനമൂർത്തി.
രോഗപീഡയാൽദ്ദേഹം വാടിയദ്ദശാലത്തും
ഹേ ഗുരോ,സാരോഗ്യമായ് വർത്തിച്ചു,
തവോത്സാഹം.
സ്ഥാനാളി,വെടിയേണ്ടിവന്ന നാളിലും വിച്ഛ-
ഹീനമായ് നടന്നു,തേ ഭാഷാരാധനയജ്ഞം!
ശ്രീ'കൃഷ്ണഗാഥാ'-'കൃഷ്ണവിജയ'ങ്ങൾതൻ കാമ്പും
പാകവും പുതുഭംഗ്യാസ്ഫുരിപ്പൂതപത്ത്രകത്തിൽ!
പണ്ടുസംഗതിവശാൽക്കാലത്തു,നിന്നു നട-
കൊണ്ടുവെണ്ണാട്ടംപ്പുക്ക പാരത്താരുഭവൽ
പൂർവ്വർ
കൊണ്ടുപോന്നിരിയ്ക്കാംപില്ലാടങ്ങയ്ക്കുതക
വാൻ,
കൊണ്ടാടിപ്പുനശ്ചിഷ്ട-ശങ്കരവാക്ചാതുര്യം!
ഏതേതുശാസ്ത്രത്തിൽത്തെവ്യാപരിച്ചീലാ,ബുദ്ധി;
യേതേതു വിഷയത്തെവരച്ചീലാപ്പൊൻതൂവൽ?
ഏതായ്യസംസ്കാരത്തിലൂന്നിനിന്നീലാ ചിത്ത?
മേതുമുൻചരിത്രത്തിലാണ്ടിറങ്ങീലാനോട്ടം?
കൊള്ളാം, തവൽകൃതികളെപ്പകവെച്ചാക്ഷേ
പിച്ചു
കൊള്ളട്ടെ, ചിലമിഥ്യാവൈദഗ്ദ്ധ്യമധുമത്തർ;
മഞ്ചാടിയായിപ്പോരുമോ മാണിക്യ,മെതിർ
വെച്ചാൽ?
പ്പുഞ്ചമംപാട്ടുംകയ്യിൽകാക്കയായ്ത്തീരുന്നുമോ?
കത്തട്ടെ,കുശുമ്പിൻറക്രൂരത്തീയ്വചാൽപ്പേർത്തു-
മിത്തിരിപോലും പിഞ്ഞില്ല,ള്ളൂരിൻയശഃ
ക്ഷൌമം!
വിസ്തീർണ്ണഗഭീരമാം വിമലതടാകത്തെ-
യെത്രയ്ക്കു കലക്കുവാനാളാകും,കരിമ്പൂറം?
ക്രൂരകണ്ടകർപ്പൂക്കൊണ്ട പൊന്നുതമ്പുരാൻതന്ന
വീരശൃംഖലയാകും സ്വർണ്ണാലവാലത്തോടും,
ഓരോരോ കലാകേന്ദ്രമന്നന്നുസമർപ്പിച്ച
പേരാളുംബിരുദങ്ങളായ പൂവുകളോടും
പന്തലിച്ചഴകാന്ന തുംഗമാംതാവകജ്ഞാനം
സന്താനദ്രുമം തരുന്നു,സൽഫലാർത്ഥികൾക്കെല്ലാം;
പഠിച്ചു; വിചിന്തിച്ചു; പലസാഹിത്യംകണ്ടു-
പിടിച്ചു;ക്കൂട്ടിക്കോർത്തു,പഴമ-പുതുമകൾ;
തുടർന്നുപോന്നുയത്നം, ദേശാഭിവൃദ്ധിയ്ക്കങ്ങ-
ന്നൊടുവുവരെയ്ക്കും; തേ ജീവിതം സുജീവിതം!*

---

* പകർപ്പവകാശം വള്ളത്തോൾ ഗ്രന്ഥാലയത്തിന്ന്.

# മഹാകവി ഉള്ളൂർ–ആർ?

(പണ്ഡിതർ, ശ്രീ. ഇ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം, ധർമ്മവിശാരദൻ.)

മരണം മാററി നിർത്താൻകഴിഞ്ഞിട്ടുള്ള മാർക്കണ്ഡേയാദികൾ അധികമില്ലല്ലോ. മഹാകവികൾക്കും മരിയ്ക്കണം. പക്ഷേ അവരുടെ മഹനീയകൃതികൾക്ക് മാർക്കണ്ഡേയാദികളുടെ ചിരഞ്ജീവിത്വം സിദ്ധമാണ്. തദ്വാരാ അവർക്കും അജരാമരമായ യശശ്ശരീരം ഉണ്ടെന്നു പറയാംതാനും.

“മഹാകവി”ഉള്ളൂരിന്റെ കഥയും ഈ നിലയിലെത്തി. “ഓർക്കാപ്പുറത്തു” പെട്ടെന്നു മരിച്ച കുററം അദ്ദേഹത്തിന്നില്ല. ഒന്നുരണ്ടുതവണയിലധികം, അദ്ദേഹം മുന്നറിയിപ്പു നല്കിയിരിക്കുന്നു. ഒടുക്കം, സമയമായപ്പോൾ, പരഗതിയടയുകയും ചെയ്തു.

ഔപചാരികമായിട്ടിവിടെ നാം അനുശോചിയ്ക്കണം. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെസ്സംബന്ധിച്ചിടത്തോളം, യഥാർത്ഥമായിട്ടുതന്നെയും അനുശോചിയ്ക്കേണ്ടതുമുണ്ട്.

സമ്പദ്വിലോപം നിമിത്തമല്ല. അദ്ദേഹം ധാരാളം സമ്പത്തുനേടി. അതെല്ലാം കുടുംബാംഗങ്ങൾക്കുതന്നെയാണ് കിട്ടിയതും. അതിന്നും പുറമേ, അർഹതയുള്ളവർക്കൊക്കെ ജീവികാമാർഗ്ഗങ്ങളും അദ്ദേഹം തന്നെ നേടിക്കൊടുത്തിട്ടുമുണ്ട്. എന്തെക്കെയായാലെന്താ, ആ പ്രഭാവവും പ്രതാപവും പൊയ്പ്പോയതുതന്നെ! അതിലാണവരുടെ അനുശോചനീയത! കവിതാവാസനയും കവിതയെഴുത്തും ഉള്ള ദ്വിതീയപുത്രൻ ശ്രീ മഹാദേവയ്യർ വളർന്നുവന്ന് ഇതു നികത്തിത്തരട്ടേ!!

മഹാകവിയുടെ കൃതികൾ സുകൃതികളാണെന്ന് ആരോടും പറയേണ്ടതില്ലല്ലോ അവയുടെ ഉറവിടമായിരുന്ന മഹാകവിയും സുകൃതിതന്നെ എന്നതിന്നും സന്ദേഹമില്ല. ഒന്നാമതു്, ഐഹികമായിട്ടാണെങ്കിൽ, ഉയർച്ചയുടെ “തുഞ്ചത്തെഴുത്തച്ഛനാ”യി. ഉദ്യോഗം കൊണ്ടെങ്കിൽ അങ്ങനെ; പാണ്ഡിത്യം കൊണ്ടെങ്കിൽ അങ്ങനെ; സന്താനം, സമ്പത്തു്, സൽകീർത്തി, സ്ഥാനമാനങ്ങൾ എല്ലാം തികഞ്ഞിരുന്നുവല്ലോ. “ശ്രേയസികേനതൃപ്യതേ” എന്ന ന്യായേന, അദ്ദേഹത്തിന്നു മാത്രമേ, നേടിയതൊന്നും നേട്ടമായില്ലെന്നു തോന്നിയിരുന്നുള്ളു. മററുള്ളവരുടെ ബുദ്ധ്യാ, സ്പൃഹണീയസിദ്ധികളുടെ മഹനീയാസ്ഥാനം തന്നെയായിരുന്നു അദ്ദേഹം; എല്ലാം നേടുകയും, ധാരാളം അനുഭവിയ്ക്കുകയും ചെയ്തുതാനും. എഴുപതിനുമേലിരിയ്ക്കുകയാണല്ലോ ദീർഘായുര്യോഗവും! എന്നാൽ ഈ ഐഹികപ്രതാപൈശ്വര്യാദികൾ, ചില പാപിഷ്ഠന്മാർക്കും ജന്മാന്തരകർമ്മവശാൽ ഉണ്ടായെന്നുവരാം. അതുകൊണ്ടുമാത്രം സുകൃതിയോ പാപിയോ എന്നു കണക്കാക്കരുതു്. അന്തകാലം കണ്ടുംകൊണ്ടേ അതു നിർണ്ണയിച്ചുകൂടൂ. ആ നിലയ്ക്കും ‘മഹാകവി’ സുകൃതിയാണെന്നാണ് ഞാൻ പറഞ്ഞതു്. ഭീഷ്മപിതാമഹൻ ഉത്തരായണകാലം വന്നിട്ടുവേണം മരിയ്ക്കുവാൻ എന്നു കാത്തുകിടന്നകഥ നമുക്കറിയാമല്ലോ. സുകൃതിയായ നമ്മുടെ മഹാകവിപിതാമഹനും ഉത്തരായണത്തിൽത്തന്നെ മരണം സാധിച്ചു!

“ഉത്തരായണഗേ സൂര്യ്യേ- ഉത്തമാ മൃതിരുച്യതേ”

എന്നുള്ള പ്രമാണവചനം പുളകംകൊള്ളിയ്ക്കുന്നില്ലേ? “പക്ഷേ, കൃഷ്ണപക്ഷത്തിലായിപ്പോയില്ലേ, അതത്ര നന്നായോ?” എന്നു ചിലർക്കു സംശയം തോന്നാനിടയുണ്ടാവാം. എന്നാൽ,

“ശ്രേഷ്ഠാ തത്രാപി മധ്യാഹ്നേ-പക്ഷയോരുഭയോരപി”

എന്നു തുടർന്നുള്ള ഉപദേശം അവരേയും ആശ്വസിപ്പിയ്ക്കുന്നതാണല്ലോ- “ഭട്ടാര ബൃഹസ്പതി” വാരങ്ങളിലൊന്നും പററാതെ, അവയുടെ നടുക്കുള്ള ബുധനാഴ്ചയിലായതും, എണ്ണത്തക്ക ഒരു പുണ്യത്താൽത്തന്നെയാണെന്നും കരുതുന്നു ഇങ്ങനെയൊക്കെക്കൂടിനോക്കുമ്പോഴാണ് മഹാകവി ഒരു സുകൃതിതന്നെ എന്നു നിസ്സന്ദേഹം പറയാൻ കഴിയുന്നതു്. അപ്പോൾ അദ്ദേഹം അനുശോചനാർഹനാണോ വാസ്തവത്തിൽ? പ്രത്യുത, അനുമോദനീയനല്ലേ? അതേ, അതേ!!

എന്നാൽ, ഇത്രവളരെ സിദ്ധികളും, ഇത്രവളരെ ബുദ്ധിയും, അത്രയേറെപ്രസിദ്ധിയും, അത്യുത്തരംപ്രാമാണ്യവും നേടിയിരുന്ന അദ്ദേഹം, നമ്മേയെല്ലാം എന്നന്നേയ്ക്കുമായി വിട്ടുപിരിഞ്ഞതിൽ, നാമാണ് അനുശോചനീയരായിത്തീർന്നിരിയ്ക്കുന്നതു്. നമ്മെ ആരാണാശ്വസിപ്പിയ്ക്കുന്നതു്! അഹോ!! അദ്ദേഹത്തിന്റെ അനവരതപരിചര്യകൊണ്ടു്, അപരിമിതപരിപോഷം പ്രാപിച്ച വിവിധഭാഷാസാഹിത്യശാഖകളുണ്ട്.

അവയെ അവലംബിച്ച് നമുക്ക് ആശ്വസിക്കുകയല്ലാതെ മറെറാരു ശരണവുമില്ലല്ലോ! അമ്മേ! കൈരളി! അവിടത്തെ ഉത്തമമകനു് നിത്യമംഗളമരുളട്ടെ!!

മഹാകവി ഉള്ളൂർ യഥാൎത്ഥത്തിൽ ഒരു ജന്മകവിയായിരുന്നു. എന്നുവെച്ചാൽ, ജാതകവശാൽത്തന്നെ ഒരു മഹാകവിത്വയോഗം ഉള്ള ആളായിരുന്നു. എങ്ങനെയെന്നാൽ, ലഗ്നാധിപൻ പത്താംഭാവത്തിൽ നില്ക്കുന്നതു് മഹാകവിത്വത്തിന് കാരണമാണെന്നു കാണുന്നു. സിംഹരാശിയാണ് മഹാകവിയുടെ ലഗ്നം. ലഗ്നാധിപനായ ആദിത്യൻ, ബുധനോടുകൂടി നിപുണയോഗംചെയ്തു്, കവിത്വകാരകനായ കവിയുടെ (ശുക്രൻെറ) ക്ഷേത്രമായ ഇടവത്തിൽ—പത്തിൽ—ആണ് നില്ക്കുന്നതും. ലഗ്നാധിപൻ പത്തിൽ സ്ഥിതനായാലത്തെ ഫലം:—

"ദശമധാമഗതേ തനുനായകേ
ജനകമാതൃസുഖാ നൃപപൂജിതഃ സമാ
സകലഭോഗസുഖം ശുഭകൎമ്മിണാം
കവിവരം ഗുരുപൂജനകം വരം"

(ബൃഹദ്യവനജാതകം)

എന്ന പ്രമാണത്തിൽനിന്നു മനസ്സിലാക്കുകയും ചെയ്യാം. ഉള്ളൂർ വെറും പണ്ഡിതനാണ്, കവിയേ അല്ല എന്നു പറയുന്ന കൂട്ടർ ഇതു പ്രത്യേകം ധരിച്ചിരിക്കേണ്ടതാണല്ലോ. പക്ഷേ, ആ പത്തു്, കവിത്വകാരകനെങ്കിലും ആദിത്യൻെറ ശത്രുവുമായ ശുക്രൻെറ ക്ഷേത്രവുമായിപ്പോയി—അങ്ങനെ ലഗ്നാധിപൻ ശത്രുക്ഷേത്രസ്ഥനായിനിന്നുകൊണ്ടു കാണിച്ച വിക്രമങ്ങളെല്ലാം കഠിന വിമൎശനങ്ങൾക്കു വിഷയമായിപ്പോയെന്നുള്ളതു മറെറാരു സംഗതി മാത്രം എങ്കിലും, അദ്ദേഹം ജന്മകവിയായ മഹാകവിയായിരുന്നു എന്നുള്ളതിനു പ്രമാണം സിദ്ധംതന്നെ. ആ നിലയ്ക്കുതന്നെയാണല്ലോ, ശ്രീമൂലം തിരുനാൾ മഹാരാജാവും, കൊച്ചി മഹാരാജാവും അദ്ദേഹത്തിനു് വീരശൃംഖല കൊടുത്തതും ശ്രീ ചിത്തിരത്തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു മഹാകവി ബിരുദമുദ്രതന്നെ കല്പിച്ചു നല്കിയതും.

ലഗ്നാധിപൻ 10-ൽ നിന്നതിൻെറ ഫലമാണ് നാമിവിടെ കണ്ടതു്. ആ ലഗ്നാധിപൻ ആദിത്യനായാലോ? തൽഫലമാവിതു്:—

"സദ്ബുദ്ധിവാഹനധനാഗമനാനി നൂനം
ഭൂപാലപ്രസാദസുതസൌഖ്യസമന്വിതാനി
സാധൂപകാരകരണം മണിഭൂഷണാനി
മേഷൂരണേ ദിനമണിഃ കുരുതേ നരാണാം"

എന്നു 'ബൃഹദ്യവനജാതക'ത്തിൽത്തന്നെ പറയുന്നുണ്ടു്. 10-ലെ ബുധൻെറ സ്ഥിതിയ്ക്കും തക്കഫലം മഹാകവിയിൽ കണ്ടിരുന്നുവെന്നു്, താഴെ ചേൎക്കുന്ന ശ്ലോകം കൊണ്ടറിയാം.

"ജാതോഽത്യന്തോൽകൃഷ്ടകൎമ്മാ മനുഷ്യോ
നാനാസമ്പൽസംയുതോ രാജമാന്യഃ
ചഞ്ചല്ലീലാവാഗ്വിലാസാദിശാലീ
മാനസ്ഥാനേ ബോധനേ വൎത്തമാനേ."

(ബൃ. ജാ.)

ഇങ്ങനെ "മഹാകവി"യെ ജ്യോതിഷത്തിൽക്കൂടി പരിശോധിച്ചു തുടങ്ങിയാൽ പല പരമാൎത്ഥങ്ങളും വെളിപ്പെടുത്തുവാൻ കഴിയുന്നതാണ്. പക്ഷേ സാഹിത്യരസികന്മാൎക്കു് അദ്ദേഹത്തെ സാഹിത്യത്തിൽക്കൂടിക്കാണുകയാവും, സ്മരിയ്ക്കുകയാവും, അധികം ഇഷ്ടം എന്നുള്ളതു തിട്ടം! അപ്പോൾ ആ വഴിയ്ക്കും ഒന്നെത്തിനോക്കാതിരുന്നാലോ! അതൊരു മഹാനഷ്ടം, മഹാകഷ്ടം!

ഉള്ളൂരിൻെറ സാഹിത്യസിദ്ധികളിലേക്കു കണ്ണോടിയ്ക്കുവാൻ എന്താണു കാണുന്നതു്? അധൃഷ്യവും അശോഷ്യവുമായ ഒരു മഹാപ്രപഞ്ചമല്ലയോ? "വഞ്ചീശഗീതി" മുതൽ "തപ്തധാര"വരെയുള്ള പല തരം കാവ്യമുക്താമണികൾ അങ്ങനെ; "വിജ്ഞാനദീപികാ" ഭാഗചതുഷ്ടയങ്ങളിൽ ഗരിഷ്ഠങ്ങളായ ഗവേഷണോപന്യാസപരമ്പരകൾ അങ്ങനെ; "ഗദ്യകലികാ" "ഭാഷാചമ്പുക്കൾ"—എന്നീ ഗദ്യകൃതികൾ വേറൊരുതരത്തിൽ; "മാതൃകാജീവിതങ്ങൾ" മുതലായ ബാലപാഠ്യഗദ്യഗ്രന്ഥങ്ങൾ മൂന്നാമതൊരു തരത്തിൽ. "പ്രാചീനമലയാളമാതൃകകൾ" "മദ്ധ്യകാലമലയാളമാതൃകകൾ" എന്നീ നാമങ്ങളിൽ, രാമചരിതം, രാമകഥാപ്പാട്ട്, കണ്ണശ്ശരാമായണ ഭാഗങ്ങൾ, ഭഗവദ്ഗീതാ—ശിവരാത്രിമാഹാത്മ്യങ്ങൾ— മുതലായവ വേറൊരിനത്തിൽ; സരസകൃതിസമുച്ചയസംഗ്രഹമായ "പല്ല്യഞ്ജലിഭാഗസപ്തകം" പിന്നെ വേറേ; 'അംബാ' എന്ന ബൃഹത്തരമായഗദ്യനാടകം ഒന്നു പ്രത്യേകം—അനവധി മഹാസദസ്സുകളിലെ അദ്ധ്യക്ഷപ്രസംഗങ്ങൾ [പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയവ] വീണ്ടുമൊരുവക. ഇങ്ങിനെ പറഞ്ഞുതുടങ്ങിയാൽ ഒടുങ്ങുകയുണ്ടോ? അദ്ദേഹത്തിൻെറ ഭാഷാസാഹിത്യസേവനപഥങ്ങളുടെ വിവിക്താദ്ധ്യയനത്തിനു മാത്രമായി, ഒരു പി. എച്ച്. ഡി. (P. H. D.) ഡിഗ്രി, പുരുരൂപം പ്രാപിയ്ക്കുന്ന കേരളസർവ്വകലാശാലയും അവശ്യം ഏൎപ്പെടുത്തേണ്ടതാണ്. അത്ര വിശാലവും, വിശദതോമുഖ

വും വിസ്മയനീയവും ആയിരുന്ന മഹാകവിയുടെ സാഹിത്യസേവനം. അദ്ദേഹത്തിന്റെ ഗദ്യപദ്യകൃതികളെല്ലാം പുസ്തകരൂപത്തിലുണ്ടെന്നു, സുപ്രാപമാണെന്നും ആയിരിയ്ക്കാം ഇന്നത്തെ പല "കലാപ്രേമി"കളുടേയും വിചാരം. വസ്തുത അങ്ങനെയല്ല, പത്രമാസികാദികളിൽ ഇനിയും അനവധി കൃതികൾ ഉറങ്ങിക്കിടക്കുകയാണ്. ഉദാഹരണമായി ചിലതിവിടെ ഓർമ്മപ്പെടുത്താം-'ഭാഷാപോഷിണി'മാസികയിൽ "കാളിദാസന്റെ കാലം"—"മലയാളത്തിലെ നമ്മുടെ ഗദ്യകാരന്മാർ" "ദ്വിതീയാക്ഷരപ്രാസവാദ" ലേഖനങ്ങൾ പലതു് 'രസികരഞ്ജിനി'മാസികയിൽ "ആരു നല്ല ഭാഷാഗ്രന്ഥങ്ങൾ" "കടമ്മ"—മുതലായവയും, 'ലക്ഷ്മീഭായി'യിൽ 'ദേവിചൌധുറാണി' തുടങ്ങിയവും, "രാമാനുജൻ"മാസികയിൽ വേറെ ചിലതും എല്ലാമുണ്ട്. അനതിപ്രാക്തനമായ 'മലയാളരാജ്യ'ത്തിലെ ഗോദോദയവാദലേഖപരമ്പരതന്നെ ഒരു ചെറുപുസ്തകത്തിനു വകയുള്ളതാകുന്നു. 'ആര്യകേസരി' മാസികയിൽ ഞാൻ പ്രസിദ്ധീകരിപ്പാൻ ഇടയായിട്ടുള്ള "രാമഭദ്രദീക്ഷിതർ" എന്ന ലേഖനവും മുപ്പതോളം വർഷങ്ങൾക്കു മുമ്പ് അദ്ദേഹം എഴുതിയിട്ടുള്ളതത്രേ. "ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി"യിൽ ആദ്യത്തെ 8 പുസ്തകം മഹാകവിയാണല്ലോ പ്രസിദ്ധീകരിച്ചതു്. അവയിൽ ഗിരിജാകല്യാണത്തിന്റെ അവതാരികമാത്രമേ വിജ്ഞാനദീപികയിൽ വന്നിട്ടുള്ളുവെന്നു തോന്നുന്നു. മറെറല്ലാററിന്റേയും, അവിടവിടെ കിടപ്പുതന്നെയല്ലയോ? കൊച്ചി ഭാഷാപരിഷ്ക്കരണക്കമ്മിററി പ്രസാധകന്റെ നിലയിലും പലഗംഭീരോപന്യാസങ്ങൾ അദ്ദേഹം എഴുതിക്കിടക്കുന്നുണ്ട്. പിന്നെ എത്രയെത്ര വിശിഷ്ടപുസ്തകങ്ങൾക്കു വിസ്തൃതതരോപോദ്ഘാതങ്ങൾ എഴുതിയിട്ടില്ല അദ്ദേഹം! പരിഷത്തൈമാസികത്തിലെ പുസ്തകനിരൂപണങ്ങളിലും, പ്രസാധകോപന്യാസങ്ങളിലും ഒട്ടേറെയെണ്ണം മഹാകവിയുടെ വകയായിട്ടുണ്ടല്ലോ. എല്ലാം ചേർത്തെടുത്താൽ ഇനിയും ഒരു നാലു വാല്യം വിജ്ഞാനദീപികയുടെ വകകൂട്ടാം. അങ്ങനെ ചെയ്യേണ്ടതത്യാവശ്യകമാണുതാനും. അപ്പോൾ ആധുനികഗദ്യലേഖനങ്ങളേ കൂടി ഗ്രഹിക്കുകയുംവേണം.

പുസ്തകാകൃതിയിൽ വരാത്ത പദ്യസമ്പത്തു ഇതുതന്നെ അധികമില്ലായിരിയ്ക്കാം. എങ്കിലും, രണ്ടു മൂന്നു പുസ്തകങ്ങൾക്കു വക വരുമെന്നാണ് വിചാരിക്കേണ്ടതു്. ഉദാഹരണാർത്ഥം ചിലതിവിടെ സ്മരിക്കാം. 'കവനകൌമുദി'യിൽ "ഉത്സവം" "കേരളകാളിദാസൻ" "ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തി വഞ്ചിപ്പാട്ട്" "ശ്രീ ചിത്തിരതിരുനാൾ തിരുവവതാരമംഗളം" "പൊന്നുതമ്പുരാന്റെ അന്നപ്രാശമഹോത്സവം" "ഒരു ഗണപതി—ശീതങ്കൻ" ഇത്യാദി, :— "കേരളം" മാസികയിലേ "പരശുരാമപഞ്ചകം" "കനകജൂബിലി വഞ്ചിപ്പാട്ട്" (കാവ്യനിരൂപണപരമായ ഒരു ഗദ്യലേഖനവും അതിലുണ്ട്) ഇത്യാദി; "ലക്ഷ്മീഭായി"യിലെ "ലക്ഷ്മീസ്തവം" മുതലായതു് 'ശാരദയിൽ' "ശങ്കരൻതമ്പി ഷഷ്ടിപൂർത്തിമംഗളവഞ്ചിപ്പാട്ട്" 'ഉണ്ണിനമ്പൂതിരി' മാസികയിൽ "യോഗക്ഷേമസഭാ പ്രാരംഭഗാനം"--വഞ്ചിപ്പാട്ട്; "ഭാഷാപോഷിണി"യിൽ "മൈത്രേയി" "കമ്മാരൻ നമ്പ്യാർ" "ശ്രീ ചിത്തിരത്തിരുനാൾ താരാട്ടുപാട്ട്"—ഇങ്ങനെ കണക്കുകൂട്ടാൻ തുടങ്ങിയാൽ എളുപ്പത്തിലൊന്നും തീരുന്നതല്ല ആ പട്ടിക. ഇതൊരു ദിഗ്ദർശനാർത്ഥംമാത്രം. വിജാതീയങ്ങളും വിലോഭനീയങ്ങളുമായ തിരുനാൾമംഗളപദ്യങ്ങൾ തന്നെ, സാഹിത്യാസ്വാദകന്മാർക്ക് എത്ര മാധുര്യമേറിയതായിത്തോന്നിയിരുന്നില്ല! അവതന്നെ ഒരു രണ്ടുമൂന്നു 'മംഗളമഞ്ജരികൾ'ക്കുമാത്രം വരുകയില്ലയോ? 'മാസികാ'-മംഗളാദികൾക്കും ഒട്ടും കുറവില്ല. "സമുദ്രശതകം" എന്നൊരപൂർണ്ണകൃതിയുടെ ഏതാനുംഭാഗം "രാമാനുജൻ"മാസികയിൽ ഉണ്ടായിരുന്നതും, മഹാകവിയുടെ പലവക കൃതികളുടെ കൂടെചേർത്തു പുസ്തകമാക്കേണ്ടതാണ്. ഇതെല്ലാം അദ്ദേഹം ഈയിടെ 7 വാല്യങ്ങളായി കുറെ തീർത്തു കഴിഞ്ഞ് യൂനിവേഴ്സിററിയ്ക്കു കൊടുത്തിരിയ്ക്കുന്ന "സാഹിത്യചരിത്ര" പരമ്പരകൾക്കു പുറമേ ആകുന്നെന്നറിയണേ! പുറത്തു വരാത്തതിനെപ്പററി ഇപ്പോഴൊന്നും പറയാതിരിക്കാം.

കവി, ഗവേഷകൻ, ചരിത്രാന്വേഷി, നിരൂപകൻ, പ്രസാധകൻ, പ്രോത്സാഹകൻ, പ്രവർത്തകൻ, പ്രാമാണികൻ, പ്രഭാഷകൻ—എന്നിങ്ങനെ പലനിലയിലും അദ്ദേഹം അതീവശോഭിച്ചിരുന്നു. ഒക്കെയ്ക്കും മേലെ നിന്നിരുന്നതു് കവിത്വം തന്നെയാണേനം! അജയ്യമായ വാഗ്വൈഭവവും, അക്ഷയ്യമായ കല്പനാസമ്പത്തും ആയിരുന്നു അതിന്റെ സ്വത്വം. രണ്ടിലും അദ്ദേഹത്തിന് അസാമാന്യമായ ആധിപത്യവുമുണ്ടായിരുന്നു. ശബ്ദത്തിലോ അർത്ഥത്തിലോ ഒരു വിശിഷ്ടചമത്കാരം കൂടാതെ യാതൊന്നും എഴുതുകയില്ലെന്നു് അദ്ദേഹത്തിന്നു് വളരെ നിഷ്കർഷം ഉണ്ടായിരുന്നു. പിന്നെയൊരു വിശേഷം, അതായു

കാവത്തെ ചിലവാർത്തിനൊപ്പം സ്വന്തം കവിത്വത്തിന്റെ രൂപഭേദവും രീതിഭേദവും കൊടുത്തുവന്നിരുന്നതാണ്. അദ്ദേഹം വായിക്കുന്ന സൽസാഹിത്യത്തിന്റെയും സൽകൃതികളുടേയും കാമ്പും കഴമ്പും, സംസ്കാരരൂപേണ സ്വന്തം കൃതികളിൽ കലർന്നിരുന്നു. വളരെസ്സൂക്ഷിച്ചു പരിശോധിച്ചാൽ, പലർക്കും അദ്ദേഹം അനുകാര്യനായിരുന്നതുപോലെ പലരുടേയും അനുകർത്താവായിരുന്നുവെന്നും കണ്ടുപിടിച്ചു സമർത്ഥിക്കാം. അത്തരത്തിൽ ഒരു കവിതാവിമർശം ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ട്, അദ്ദേഹത്തിന്റെ കവിത്വത്തിന്നുതന്നെയാണ് അധികം അനന്യപരതയും ആകർഷകതയും എന്നു മാത്രം സൂചിപ്പിച്ചുനിർത്താം. ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ, വലിയ കോയിത്തമ്പുരാൻ, സി. അച്യുതമേനോൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കടത്തനാട്ടുദയവർമ്മ തമ്പുരാൻ തുടങ്ങിയവരാണ് ഭാഷയിലെ ഗവേഷണത്തിന്റെ അഗ്രദൂതന്മാർ. ശ്രീ ശേഷഗിരി പ്രഭുവിന്റെയും, ഭാഷാപോഷിണി പ്രവർത്തകനായിരുന്ന വറുഗീസ്സു മാപ്പിളയുടേയും പേരുകൾ കൂടിയെങ്കിലും അവശ്യം ഇവിടെ കൂട്ടണംതാനും. അവരുടെ അനുഗാമിയായി, നമ്മുടെ മഹാകവിയും ആ പന്ഥാവിൽ പ്രവർത്തിക്കാൻ തുടങ്ങി. അവരേക്കാളധികം, മഹാകവിയും ആ വിഷയം അഭിമാനവിഷയമാക്കി പ്രവർത്തിച്ചു എന്നുമാത്രം. സാഹിത്യപരിഷത്തിന്റെ ആവിർഭാവവും, അപ്പൻതമ്പുരാന്റെ നേതൃത്വവും പ്രോത്സാഹനവും, മഹാകവിയുടെ ഗവേഷണവാസനയെ ഉജ്ജ്വലിപ്പിക്കുകയും ധാരാളം പ്രവർത്തിപ്പിക്കുകയും ചെയ്തു. ഡോക്ടർ ഗണപതി ശാസ്ത്രികളുടെ ഗവേഷണശൂരതയും മഹാമഹോപാദ്ധ്യായ ബിരുദലബ്ധിയും മററും അദ്ദേഹത്തിന്റെ പിൻഗാമികളായ മഹാകവിയേയും, പിഷാരോടിമാരേയും മററും സ്ഥിരഗവേഷകന്മാരാക്കിയെന്നു പറയുന്നതും വളരെശ്ശരിയായിരിക്കും. എന്നാൽ, ഗവേഷണത്തിന്റെ പേരിൽ, മഹാകവി മററു പലരേക്കാളുമധികം പ്രവർത്തിച്ചു എന്നിട്ടും, കേരളത്തിലെ "ഗവേഷകതിലകൻ"മാരിൽ അദ്ദേഹം ഉൾപ്പെടാതെപോയതാണ് ആശ്ചര്യകരം!

കേരളചരിത്രം സംബന്ധിച്ച്, വിദേശീയരുടെ റിക്കാർഡുകളിലും, "പുരാണവസ്തുസംരക്ഷണ" വകുപ്പുകളിലെ ചെപ്പേടുകൾ, ശിലാരേഖകൾ ഇത്യാദിയിലും മഹാകവിക്കു പരിചയവും, ചില സിദ്ധാന്തങ്ങളും ഉണ്ട്, അല്ലാതെ, ആഭ്യന്തര കേരളചരിത്രത്തിന്റെയും യഥാർത്ഥ കേരളസംസ്കാരചരിത്രത്തിന്റെയും ഒരു പ്രാഥമികജ്ഞാനംപോലും മഹാകവിയുടെ ഗവേഷണപരിപാടി ആവിഷ്കരിച്ചു തരുന്നതല്ല. എന്നാൽ, ചില പ്രാചീനകൃതികളിലെ ചില പരാമർശങ്ങൾ, മഹാകവിയും, മററുപലരേയുംപോലെ പ്രഖ്യാപനം ചെയ്യാതിരുന്നിട്ടില്ലതാനും.

നിരൂപകന്റെ നിലയിൽ ശ്രീ. പി. കെ. (സാഹിത്യപഞ്ചാനനൻ)യോടും, കൃഷ്ണപിഷാരോടിയോടും ഒട്ടൊക്കെ ഒപ്പം നില്ക്കുന്നുവെന്നുതന്നെ പറയാം. അതുതന്നെ, ഒരാസ്വാദകന്റെയും ആരാധകന്റേയും നിലയ്ക്കല്ലാതെ ഔചിത്യവേദിയും അരോചകിയും ആയ ശാസ്ത്രീയവിമർശകന്റെ നിലയ്ക്കല്ലതാനും. പ്രസാധകന്റെ നിലയിൽ വളരെ ഉയർന്ന സ്ഥാനംതന്നെയുണ്ട്. സംശയമില്ല. പിന്നത്തെ നിലകളിൽ എല്ലാം സർവ്വത്രസുവിദിതനാണല്ലോ മഹാകവി.

ഇത്രമാത്രം എല്ലാം ഇണങ്ങിയിട്ടുള്ള ഒരു നേതാവിനെ, കേരളീയസാഹിത്യകാരന്മാർക്കു വേറെ കിട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. ഇനിയെന്നു കിട്ടുമെന്നും കണ്ടുതന്നെ അറിയണം.

ഇംഗ്ലീഷിലും അദ്ദേഹം കവിതകളും പ്രബന്ധങ്ങളും എഴുതിയിട്ടുണ്ടെന്നുള്ളതു പറയാനില്ലല്ലോ. അവ കടുത്ത ഖണ്ഡനവിമർശനത്തിന്നുപോലും വിഷയമായിട്ടുണ്ടല്ലോ.

എന്നാൽ, സംസ്കൃതത്തിലും വളരെ മെച്ചമായിട്ടു കവിതയെഴുതാൻ കഴിവുമായിരുന്നു അദ്ദേഹത്തിന്നെന്നുള്ളതു് എടുത്തു പറയേണ്ട വസ്തുതയാണ്. സർ. സി. പി. യുടെ ഷഷ്ടിപൂർത്തി സംബന്ധിച്ചും പരീക്ഷിത്തു മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിയെ വിഷയീകരിച്ചും മററും എഴുതിയിട്ടുള്ള കൃതികൾ ഉദാഹരിക്കപ്പെടാം. വെങ്കടാധ്വരിയുടെ കൃതിയുടെ വൻപുണ്ട് അവയ്ക്കു്. "ശ്രീചിത്രാ" സംസ്കൃതമാസികയിൽ, ഒരു നല്ല സംസ്കൃതഗദ്യലേഖനമുള്ളതും സ്മരണീയമത്രേ. അദ്ദേഹത്തിന്റെ മഹാകവിത്വത്തെ വിദേശീയരുമറിയട്ടെ എന്നു കരുതി, അഞ്ചാറു ലഘുകൃതികൾ സംസ്കൃതത്തിൽ ഞാൻ തർജ്ജമചെയ്തു്, ഇംഗ്ലാണ്ടിൽ ചിലർക്കയച്ചിട്ടുമുണ്ട്. ഇനി ഈ രീതിയിലേ നമുക്ക് അദ്ദേഹത്തെ മാനിക്കാൻ കഴിയുള്ളുവല്ലോ.

# മഹച്ചരമം.

## I

ശ്രീഹർഷൻ നൈഷധീയം ചരിതമൊരുമഹാ-
കാവ്യമായ് തീർത്തുവിദ്വ-
ദ്ധീഹർഷം ചേർത്തു ഗൈർവ്വാണിയിലനിതരസാ-
മാന്യസൽക്കീർത്തി നേടി.
സാഹായ്യം നൽകിയുള്ളോർ ‘കവിതിലക’’നമാ-
കേരളം’കൊണ്ടു രണ്ടാം-
ശ്രീഹർഷൻ കൈരളിക്കും സുരപുരികയറി
“ദിവ്യതത്ത്വം ഭജിപ്പാൻ”

(ശ്രീ. കുന്നേഴത്തു പരമേശ്വര മേനോൻ.)

## II

ആരാലും മാന്യനാകും സഹൃദയതിലകൻ
കൈരളിക്കന്നതുശ്രീ
പേരാണെന്നും പ്രതത്തിച്ചൊരു കവനകലാ-
ഭാസുരൻ ഭൂസുരേന്ദ്രൻ
ചേരാനീടുന്നൊരുള്ളൂരരിയ ഹരിപദം
പൂകിനാൻ പുണ്യശീലൻ
“വീരാപായം” സമാധാനതസപദിമുടി-
ക്കുന്നതൊന്നായിട്ടുന്നു.

(കവിതിലകൻ, ശ്രീ. ചങ്ങരംകോത കൃഷ്ണൻകർത്താവ്,)

## III

1 ഇള്ളൂറും കദനം കണക്കിലധികം
നമ്മൾക്കു ബാധിക്കുമാ-
“വള്ളൂർ” ഹന്ത! വെടിഞ്ഞു നമ്മെ, യധുനാ
നാമോ നിരാലംബരായ്!
ഉള്ളൂക്കൊക്കെയെടുത്തു ദുഷ്ടവിധികൈ
വെയ്ക്കുമ്പൊളിന്നാരൊരാ-
ളുള്ളൂ കൈരളി! നിന്നെനിത്യവുമിനി-
ത്തോരാതെ പോററീടുവാൻ?

2 ഭാഷാപുഷ്കരമണ്ഡലത്തി“ലുദയം”
പൂണ്ടുല്ലസി, ച്ചങ്ങസ-
ന്തോഷാൽ സൽ“ക്കല”യൊത്തു നൽക്കവികളാം
നക്ഷത്രജാലത്തിനെ
ദോഷായ“ദ്വിജരാജ” നമ്പൊടു നയി.-
ച്ചുച്ചത്തിലെത്തീടവേ
ദോഷാപേതമണഞ്ഞു “വിഷ്ണുപദമായ്-
ത്തന്നോ വദാന്യോത്തമൻ.

3 ആമാന്യാശയനൊപ്പമാർ കവികളേ!
നമ്മെസ്സഹായിക്കുവാൻ?
ധീമാഹാത്മ്യവുമാർക്കു കാണു, മതുപോൽ-
ദ്ദൈവത്തിലുൾഭക്തിയും
സീമാതീതമെന്നു കവന്നുപരിലേ
കാലന്നു കണ്ണുള്ളു; ദു-
ഷ്ക്കാമാസക്തി മുഴുത്തധൂർത്തർ ധരയിൽ-
ക്കൂടുന്നു ധാരാളമായ്!

4 സൽക്കാവ്യങ്ങൾ സലക്ഷണം സതത-
മുണ്ടാക്കാനമൊളിച്ചിനി-
ച്ചൊൽക്കൊള്ളുന്ന ഗവേഷണത്തിനു, മതേ
മട്ടിൽച്ചരിത്രത്തിനും
ഇക്കാലത്തു വിദഗ്ദ്ധനായപരനി-
ല്ലെന്നുള്ള ദിക്കായ്; സദാ
സൽക്കാരത്തൊടുമസ്സുധിക്കു മഹലവാ-
വാസ്ഥാനമങ്ങാക്കിനാൻ.

5 ആപത്തുൽക്കടമുത്ഭവിച്ചതുവശാൽ
നാമെത്ര നാളീവിധം
താപത്തീയ്യിലെരിഞ്ഞുഴെകഴ, മതിനാൽ
‘ദൈവപ്പുപാലൊക്കെയു-
ക്രൂപപ്പെട്ടി?’മെന്നതോർക്ക, പരേ-
താത്മാവു വൈകാതെ, ചി-
ദ്രൂപത്തോടു ലയിക്കുവാനഖിലരും
പ്രാർത്ഥിക്ക നാമേതോരുമേ.

(ശ്രീ. ദകായിപ്പിള്ളി പരമേശ്വരക്കുറുപ്പ്.)

## IV

1 ഉള്ളൂരെസ് പരമേശ്വരായ്യകവിരാ-
ട്ടയ്യോ! കഥിക്കാവതെ,-
ന്നുള്ളക്കൊക്കയുമിട്ടു ദുഃഖ്ധിയിതാ
*വീണ്ടും വിജൃംഭിക്കയായ്!
മുള്ളുന്നന്തദുരന്തവാർത്തയിതുമേ
മർമ്മങ്ങൾതോറും, നിന-
ക്കുള്ളൂർജ്ജസ്സു നശിച്ചു, കൈരളി! യിനി-
ക്കാണില്ല തത്താദൃശർ.

2 ശ്രീഹർഷോജ്ജ്വല കാവ്യശൈലിയിൽ മഹൽ-
ക്കാവ്യങ്ങൾ—നവ്യങ്ങളി-
ങ്ങീഹയ്ക്കൊത്തവിധം ചമച്ചു, വിവിധ
ഗ്രന്ഥങ്ങൾ ഗദ്യത്തിലും;

* ഭാഷാസാഹിത്യ നഭോമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരം—ടി. കെ. കൃഷ്ണമേനോനവർകൾ—അസ്തമിച്ചിട്ട് അധികം നാളായിട്ടില്ലല്ലോ.

ഊഹത്തിന്നു പററുന്ന തത് പ്രതിഭ,യ-
ബ്ഭണ്ഡാരനവരത്നസം-
ദോഹത്താചിട്ടിനിയില്ല കൈരളി! നിന,-
ക്കാഹന്ത, ദുർഭാഗ്യ നീ!

3. പോരും മാമകമായിടുന്ന മനമേ,
മാഴ്കൊല്ല മാഴ്കൊല്ല നീ,-
യാരുണ്ടുർവ്വിയിലന്ത്യമായ ദശയെ-
ത്തെല്ലും തടഞ്ഞീടുവാൻ?
ഓരുമ്പോൾ മൃതി, ജീർണ്ണമായ വസനം
വേണ്ടെന്നു വെയ്ക്കുന്നതാ,-
ണാരുണ്ടോർപ്പതിനീ രഹസ്യ,മറിവു-
ണ്ടെന്നാലുമജ്ഞൻ നരൻ.

(വിദ്വാൻ, ശ്രീ ചെറുശ്ശേരി മാധവമേനോൻ.)

## V

[ശാഫാചീതി.]

ഉള്ളതോയില്ലാത്തതോ നമ്മാം കേരളകമി-
യുള്ളമുരുകമാറുള്ളന്തം
ഉള്ളൂർ പരമേശ്വരയ്യരിപ്പാരിലി-
നുള്ളകവികളിൽവെച്ചു മുമ്പൻ
വിണ്ടലം പൂകിയെന്നാണിന്നറിയുന്ന-
തിണ്ടലതുകൊണ്ടില്ലാത്തോരുണ്ടോ?
ഉദ്യോഗമാർന്നോരു കാലത്തും പെൻഷനാ-
യുദ്യൽപ്രഭാവേന വാണപ്പോഴും
ഗദ്യപദ്യാദി സദാപി കൃതിച്ചാണോ-
വിദ്യാവിദഗ്ദ്ധൻ വസിച്ചതല്ലോ.
ഭാഷയെ ഭേഷായിപ്പോഷിപ്പിച്ചീടുവാൻ
തോഷിച്ചാസ്സൂരീന്ദ്രൻ ചെയ്തയത്നം
ഘോഷിച്ചുരയ്ക്കുവാനായിത്തുടങ്ങിയാൽ
ശേഷനും ശേഷിയില്ലാതായ്ത്തീരും.
സംസ്കൃതമിംഗ്ലീഷിവയും തമിഴുമാ-
ശ്ശ്ലാഘ്യൻ പഠിച്ചതിനററമുണ്ടോ?
ആമട്ടാമാന്യൻ ചതുർഭാഷാപാണ്ഡിത്യ-
സാമർത്ഥ്യംകാട്ടിയിരിക്കും കാലം
പാർത്തട്ടിലദ്ദേഹം പാർത്തിടിലാവില്ലെ-
ന്നോർത്തിന്ദ്രൻ വിണ്ണിലേക്കായ് വിളിച്ചാൻ.
ഉൽക്കടമാകുമീ ദുഃഖംശമിക്കുവാൻ
ശക്തിയില്ലാത്തോരീ ഞങ്ങൾക്കിനി
മുഖ്യമായ് ഭാഷാപരിപോഷണത്തിനു
തക്കവഴി ദൈവം കാട്ടിടട്ടെ!

(ശ്രീ. നമ്പ്യത്ത്, (പി.) മാധവൻ നായർ.)


# ജ്യോതിഷകാര്യാലയം.

നാട്ടരശൻകോട്ട, രാമനാഡ് ജില്ല.

ആവശ്യാനുഗുണങ്ങളായ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമയച്ചുതരുവാൻ ആദ്യം മൂന്നുറുപ്പികമാത്രം.
പിന്നീടുള്ള ഓരോ ചോദ്യങ്ങൾക്കുംഫീസ്സ് 8ണ. വീതം.

## മാന്യരേ! ഞങ്ങളുടെ കാര്യാലയത്തിൽ

ഗ്രഹസ്ഫുടഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ് 10ക. ഭാവസ്ഫുടവും ഗ്രഹസ്ഫുടവും ഗണിതം ചെയ്തെഴുതുന്നതിന്ന് ഫീസ്സ് 20ക. ബലപിണ്ഡംവരെ ഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ് 50ക. ആയുർദ്ദായം ഗണിതംചെയ്ത് നക്ഷത്രദശാളകതികാലവിചിന്തനത്തിൽക്കൂടി എഴുതുന്ന സമ്പൂർണ്ണജാതകത്തിന്ന് ഫീസ്സ് 150ക. ആവശ്യമനുസരിച്ച് പരഹിതം, ദൃക്ക്, ഗണിതനിർണ്ണയം (പുതിയമുറ)എന്നീ പദ്ധതികളിൽക്കൂടി ഗണിതംചെയ്ത്കൊടുക്കുന്നതാണ്.

എന്ന് വിശേഷപ്രവർത്തകന്മാർ:—ശ്രീ കെ. എം. ബാലകൃഷ്ണൻ, ശ്രീ. കെ. കെ. സുകുമാർ.

# മഹാകവി ഉള്ളൂർ.

## —അനുസ്മരണവും, അനുശോചനവും, ആസ്വാദനവും—

(ശ്രീ. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.)

അന്ന് എനിക്കു നന്നെ ചെറുപ്പമായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ (1-ാംഫോറം 2-ാംഫോറം എന്നീ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ തന്നെ) പരേതന്മാരായ സുപ്രസിദ്ധകവി കാത്തുള്ളി അച്യുതമേനോൻ, മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങിയ മഹാമനസ്കന്മാരുടെ വാത്സല്യാതിരേകത്തിന്നു പാത്രീഭവിച്ചിരുന്നതിനാൽ എനിക്കു കവിതാഭ്രമം കലശലായിരുന്നു. അതു സ്വാഭാവികവുമാണല്ലോ. അക്കാലത്തു മലയാള മനോരമ (കോട്ടയം) കേരളസഞ്ചാരി, സുജനാനന്ദിനി, കേരളപത്രിക മുതലായ പത്രങ്ങളും, ഭാഷാപോഷിണി, ലക്ഷ്മീഭായി, രസികരഞ്ജിനി തുടങ്ങിയ പ്രശസ്തമാസികകളും വായിച്ചു അവയിലുള്ള പലേ ലേഖനങ്ങളുടേയും സാരം മനസ്സിലാക്കുവാൻ എനിക്കു സാധിച്ചിരുന്നുവെന്നു പറഞ്ഞേ കഴിയൂ. പ്രകൃതപത്രങ്ങളിലും മാസികകളിലും അക്കാലങ്ങളിൽതന്നെ തൂലികാചാലനവൈചിത്ര്യം പ്രദർശിപ്പിച്ചിരുന്ന സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഏതാണ്ടു മുന്നണിയിൽ നിന്നിരുന്ന ഒരു മഹാശയനാണ് സ്തുത്യപുരുഷൻ. അദ്ദേഹത്തിന്റെ കവനങ്ങളിൽ അന്നുതന്നെ എനിക്കു കലശലായ പ്രതിപത്തിയും ഭ്രമവുമുണ്ടായിരുന്നതിനാൽ, പത്രങ്ങളും മാസികകളും കൈവശമായാൽ ആ മഹാശയന്റെ ലേഖനങ്ങൾ വല്ലതും അവയിലുണ്ടോ എന്നു പരിശോധിക്കയായിരുന്നു എന്റെ പ്രഥമകൃത്യം. അദ്ദേഹത്തിന്റെ ഗദ്യലേഖനങ്ങളും വിജ്ഞാനത്തിന്നുതകുന്നവയായിരുന്നതുകൊണ്ടു അവയിൽനിന്നു പല സംഗതികളും മനസ്സിലാക്കുവാനും ഞാൻ അത്യുത്സുകനായിരുന്നു. തനിക്കു പ്രിയപ്പെട്ട സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ ആദ്യമായി വായിക്കുവാൻ ഏതൊരാൾക്കും ആഗ്രഹമുണ്ടാകുന്നതു് സർവ്വസാധാരണമാകയാൽ ഞാൻ എന്റെ ഇഷ്ടകവിയായ ഉള്ളൂരിന്റെ കൃതികൾ കാണ്മാൻ പല പത്രങ്ങളും, മാസികകളും തിരിച്ചും മറിച്ചും നോക്കുക പതിവായിരുന്നു. ഉള്ളൂർ എസ്. പരമേശ്വരയ്യർ എം.എ., ബി.എൽ., എം. ആർ. ഏ. എസ്. എന്ന നീണ്ടപേർ കാണാത്ത പത്രങ്ങളും മാസികകളും അന്നു കേവലം ദുർല്ലഭമായിരുന്നതിനാൽ, ആ പേരിന്നു എന്റെ ദൃഷ്ടിയിൽ മാത്രമല്ല, ഭാഷാസ്നേഹികളായ സകലജനങ്ങളുടേയും ഇടയിൽ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചതിൽ അത്ഭുതമില്ലല്ലോ. അങ്ങിനെ ഉള്ളൂരിനെ ഞാൻ മനസാ ബഹുമാനിച്ചാരാധിച്ചു വന്നിരുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ പല കവിതകളും എന്റെ അഭിവന്ദ്യഗുരുനാഥനായിരുന്ന മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലേയ്ക്കു വരാറുണ്ടായിരുന്നു. അവയ്ക്കു തക്കമറുപടികൾ യഥാകാലം--പലപ്പോഴും പദ്യങ്ങളിൽ--തമ്പുരാൻ തിരുമനസ്സുകൊണ്ടു എനിക്കു പറഞ്ഞുതന്ന് എഴുതിക്കയാണ് പതിവ്. ആ നിലയ്ക്കും എനിക്ക് ഉള്ളൂർ ഭ്രമം ജാസ്തിയായിത്തീർന്നു. ആയിടക്കാണ്, തൃശ്ശിവപേരൂർ ഭാരതവിലാസം പ്രസ്സിന്റെ ഉടമസ്ഥനായിരുന്ന പ്രസിദ്ധ ഭാഷാഭിമാനി പരേതനായ മാളിയമ്മാവിൽ കുഞ്ഞുവറീതിന്റെയും, മറ്റുപല സാഹിത്യരസികന്മാരുടേയും അത്യുത്സാഹത്താൽ "ഭാരതവിലാസം" എന്ന പേരിൽ പ്രസിദ്ധിനേടിയ ഒരു സാഹിത്യസദസ്സ് പൂരക്കാലത്തു തൃശ്ശിവപേരൂരിൽവെച്ചു കുറച്ചുകാലം ആണ്ടുതോറും നടന്നതു്. പ്രസ്തുത സദസ്സിൽ സംബന്ധിച്ചിരുന്ന അന്നത്തെ പ്രധാന സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഉള്ളൂരിന്റെ പേർ പ്രത്യേകം പ്രസ്താവ്യമാണ്. ആ സാഹിത്യസദസ്സിൽ ഒരിക്കൽ കഴിഞ്ഞുപോയ ശ്രീ ഐ. എസ്. നാരായണയ്യർ, വെണ്മണികൃതികളെപ്പറ്റി ഏതാണ്ടു ക്രൂരമായ ഒരു നിരൂപണപ്രസംഗം ചെയ്തപ്പോൾ, അതിന്നു മറുപടിയെന്ന നിലയിൽ അത്യാവേശത്തോടെ, ആ പ്രസംഗത്തിലടങ്ങിയ സംഗതികളെ അക്ഷരംപ്രതി ഖണ്ഡിച്ചു, ശ്രീ. നാരായണയ്യരെ വിഷണ്ണനാക്കിയവരിൽ പ്രഥമഗണനീയനായിരുന്നു സ്തുത്യപുരുഷൻ. കഴിഞ്ഞുപോയ സരസകവി ഒടുവിൽ കുഞ്ഞികൃഷ്ണമേനോനും, മറ്റു ചില മാന്യകവികളും കൂടി അന്നു ശ്രീ. നാരായണയ്യർക്കു കണക്കിലേറെ ആശാഭംഗം വരുത്തുക പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. എന്നാൽ, എല്ലാ പ്രസംഗങ്ങളിലുംവെച്ചു അർത്ഥവത്തും യുക്തിയുക്തവും ശക്തിമത്തുമായിരുന്നതു ഉള്ളൂരിന്റെ അനർഗ്ഗളമായ വാചാവിലാസമായിരുന്നു എന്നു സർവ്വസമ്മതമായിരുന്നു. ആ പ്രസംഗാനന്തരം അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കുവാനാണ് സഭാവാസികളെല്ലാം സന്നദ്ധരായതു്. ആ രസകരമായ കാഴ്ച ദൂരത്തൊരു ദിക്കിൽ

ങ്ങളിനിന്നു കാണ്മാൻ കേവലം ബാലനായിരുന്ന എനിക്കു അന്നു സാധിച്ചു. പക്ഷെ, അന്നാകട്ടെ, മഹാശയനും സാരസ്യാഭിരാമനുമായ അദ്ദേഹത്തെ അടുത്തു ചെന്നു അഭിവാദ്യംചെയ്യുവാനോ, അദ്ദേഹത്തിന്റെ പരിചയം സമ്പാദിച്ചു അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുവാനൊ ഞാൻ തുനിയാഞ്ഞതു, മററുവിധർ വഴിക്കു ഉത്സാഹിക്കാഞ്ഞതും, അങ്ങിനെചെയ്യുന്നതു എന്റെ അന്നത്തെ എളിയനിലയ്ക്കു ഒരു സാഹസമാണെന്നു എനിക്കു തോന്നുകയാൽ മാത്രമാണ്. അപ്രകാരമായിരുന്ന സ്മര്യപുരുഷനെ ഞാൻ ആദ്യമായി ഒരു നോക്കു കണ്ടതു, അദ്ദേഹത്തോടുള്ള എന്റെ പ്രതിപത്തി ദ്വിഗുണീഭവിച്ചതും.

അനന്തരകാലങ്ങളിലും- പിന്നീടു ഭാരതവിലാസസഭ ഒന്നാണ്ടു കഴിയെ ഉണ്ടായുള്ള-ഉള്ളൂർ ഭാരതവിലാസസഭയിൽ സന്നിഹിതനാവുകയും, കാര്യമായ പല പരിപാടികളിലും പങ്കെടുക്കുകയും, ഒരിക്കൽ "ഉള്ളൂരുന്നരസത്തൊടിസ്സഭയിലിന്നഗ്രാസനാദ്ധ്യക്ഷനാ—യുള്ളൂരെസ്. പരമേശ്വരയ്യരും" എന്ന കവിപ്രശംസാനുസരണം അദ്ധ്യക്ഷനാവുകയും ചെയ്ത വിവരങ്ങളെല്ലാം എനിക്കറിവുണ്ട്. അക്കാലങ്ങളിൽ സാധാരണമായി സാഹിത്യസമാജസമ്മേളനങ്ങളിൽ നടപ്പുള്ള ഒരു പ്രധാനപ്പെട്ട ചടങ്ങാണു കവിതാമത്സരപരീക്ഷ. അങ്ങിനെയുള്ള പരീക്ഷ "ഭാരതവിലാസം" സഭയുടെ ആഭിമുഖ്യത്തിൽ ഒരിക്കൽ നടന്നതിൽ അദ്ദേഹം ഒന്നാം സമ്മാനത്തിന്നർഹനായതും ഞാൻ അറിഞ്ഞു അത്യധികം സന്തുഷ്ടനായിട്ടുണ്ട്. അപ്രകാരം പല നിലയിലും ഉള്ളൂരിനെ ആത്മാർത്ഥമായി പൂർവ്വാധികം സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും, ഭജിക്കുവാനും എനിക്കിടവന്നു.

അങ്ങിനെയിരിക്കുമ്പോഴാണു കഴിഞ്ഞുപോയ മഹാകവി പന്തളം കേരളവർമ്മതമ്പുരാന്റെ ആധിപത്യത്തിൽ "കവനകൌമുദി" എന്ന വർത്തമാനപദ്യപത്രം പുറപ്പെട്ടു പ്രചരിച്ചിരുന്നതു. ആ പത്രത്തിൽ കേവലം നാട്ടുവർത്തമാനങ്ങളും രാഷ്ട്രീയകാര്യങ്ങളും സാധാരണ കത്തുകൾപോലും ഭാഷാകവിതയിൽത്തന്നെ വേണമെന്നു നിർബ്ബന്ധംതന്നെയുണ്ടായിരുന്നു. ഉള്ളൂർ ആ പ്രസിദ്ധപത്രത്തിൽ ഓരോ ലക്കത്തിലും പലതരത്തിലുള്ള കവിതകൾ പേർവെയ്ക്കാതെയും അജ്ഞാതനാമാവിന്റെ നിലയിലും എഴുതിയിരുന്നുവെന്നു എനിക്കറിയാം. നാട്ടുവർത്തമാനങ്ങളും സ്വന്തംനിലയിലുള്ള പലസംഗതികളും അദ്ദേഹം കവിതയിൽ കൌമുദിവഴിയായി പ്രത്യക്ഷപ്പെടുത്തിയിരുന്നുവെന്നതിനു് അദ്ദേഹത്തിന്റെ ഔദ്യോഗികകാര്യങ്ങളെക്കുറിച്ചും മററും ഒട്ടു തുടങ്ങിയവക്കു് എഴുതിയിരുന്ന കത്തിൽ,

"തേനംപഴപ്രഥമനും സിതയുംസലാംവെ-
പ്പാനുള്ളമാധുരിയെഴും തവപദ്യസാരം
ഞാനുണ്ടുദിവ്യരസമേറെ കഴിച്ചുരത്ന-
സാനുസ്ഥനായ്മരുവുമിന്ദ്രനെയുംജയിച്ചേൻ"

എന്നും,

"ആരുംകൊതിക്കുമൊരുജോലികുറഞ്ഞകന്നാ-
ത്തൂഴിങ്കൽനിന്നരിയകൽക്കുളമെത്തിയ
പ്പോഴാം
പാരംകടുത്തപണിവേണ്ടതുവന്നമേന്നു
നേരംകൃതിപ്പതിനുമൽക്കഴിവില്ലതെല്ലും"

എന്നും,

"വല്ലോർപ്പുന്നർ, സൽക്കവികൾ, പുസ്തകശാല,
തെല്ലെല്ലെന്നിഭാഷ, വരകേരളയിൽ
ഫ്ലോറൻസാം
ഇപ്പുണ്യവസ്തുനിരയൊക്കെയുമാത്തു കണ്ടോ-
ചൊല്പുംനിനച്ചിടകവെച്ചുവഗോപിതന്നോ"

എന്നു മററും എഴുതിയിരുന്നതു ഇന്നുള്ള പഴയ കവികൾ പലരും മറന്നിരിപ്പാറായിട്ടില്ല. "കവനകൌമുദി" യുടെ പ്രധാനലേഖകന്മാർ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ, വള്ളത്തോൾ, കെ. സി. നാരായണൻ നമ്പ്യാർ, കുററിപ്പുറത്തു കേശവൻനായർ, നടുവത്തു മഹൻ നമ്പൂതിരി, പി. ജി. രാമയ്യർ, ഉള്ളൂർ മുതലായ സരസസാഹിത്യകാരന്മാരായിരുന്നു എന്നു പറഞ്ഞാൽതന്നെ ആ മാന്യപത്രത്തിന്റെ അന്തസ്സിനെപ്പററി കൂടുതൽ വിവരിക്കേണ്ടതില്ലല്ലൊ. അന്നു ഉള്ളൂരാകട്ടെ, തനിക്കു ഉറച്ച പാണ്ഡിത്യവും, നിസ്തുലമായ കവനപാടവവും ഉണ്ടായിട്ടുകൂടി, പന്തളം കേരളവർമ്മതമ്പുരാന്റെ യോഗ്യതയെപ്പററി ആ പത്രംവഴിയായി ഒരു മാന്യകവിക്കു അയച്ചിരുന്ന കത്തിൽ,

"ഉന്നക്കിൽപ്പെരുത്തതുപസൽകൃതിയാംവിലാത്തി-
ത്തിക്കപ്പുറപ്പാടുകിടനിൽക്കവതിന്നിദാനിം
ഈവക്കെല്പെഴുത്തയാർദ്രസ്ഥനായാളുമാടി-
മേൽക്കിൽപ്പുരത്തൊടപിച്ചുടപ്പോരുമേകം"

എന്നും,

"ശ്രീപാരമാണുവിധികാന്തകടാക്ഷമെല്ലാം
മേപൊളിവെച്ചുവിലസുകൃത "കൌമുദിശര"
ഭൂപാലമദ്ധ്യമണിസൽക്കവിതാവിധാന-
വ്യാപാരമാന്നസുഖമേമരുവുന്നതില്ലേ?"

എന്നും മററും പ്രസ്താവിച്ചിരുന്നതു അദ്ദേഹത്തിന്റെ നിസ്സീമമായ വിനയാതിരേകത്തിന്നു ഒരു മാതൃകയായിട്ടാണു കണക്കാക്കേണ്ടതു. "കവനകൌമുദി" ആ നിലയിൽ (പത്രമായി) പരക്കെ സംതൃപ്തിയേകിക്കൊണ്ടിരുന്നു. അനന്തരം "കവനകൌമുദി" ഒരു മാസികയായി പ്രചരിക്കുവാൻ തുടങ്ങിയപ്പോഴാണു ഉള്ളൂരിന്റെ കവനകലാനൈപുണ്യം കേവലം കണ്ണാടിയിൽക്കൂടിയെന്നപോലെ അതുവഴിയായി (ആ മാസിക വഴിയായി) യഥാർത്ഥസാഹിത്യരസികന്മാർക്കു ഏററവും വ്യക്തമായി കാണ്മാനിടവന്നതു്. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്നു സാർവ്വപരിപ്രാധാന്യം നല്കപ്പെട്ടിരുന്ന ആ ആദ്യകാലഘട്ടത്തിൽ ഉള്ളൂരിന്റെ ഒട്ടധികം ഖണ്ഡകാവ്യങ്ങൾ ആ മാസിക വഴിയായി പുറത്തുവന്നിട്ടുണ്ടു്. മാത്രമല്ല, പലവിഷയങ്ങളെ ആസ്പദിച്ചുള്ള അനേകം ചെറുകവിതകളും ഉള്ളൂർ കവനകൌമുദിവഴിയായി അന്നു പുറത്തിറക്കുകയുണ്ടായി. അക്കാലത്തുതന്നെയാണു ഖണ്ഡകാവ്യങ്ങൾ കൂട്ടായി (കൂട്ടുകവിതയായി) എഴുതുവാൻ അന്നത്തെ യഥാർത്ഥ ഭാഷാകവികൾക്കുത്സാഹമുണ്ടായതും. അതുപ്രകാരം പലസരസങ്ങളായ ഖണ്ഡകാവ്യങ്ങളും കൂട്ടുകവിതകളായി "കവനകൌമുദി"യിൽ പരിലസിച്ചിട്ടുണ്ടു്. പ്രസ്തുത "കൂട്ടുകവിതാ" നിർമ്മാതാക്കന്മാരിൽ പ്രധാനികൾ ഉള്ളൂർ, പന്തളം, ഒട്ടു, വള്ളത്തോൾ, കണ്ടൂർ, കാത്തുള്ളി, കററിപ്പുറം, നടുവത്തു മഹൻനമ്പൂതിരി മുതലായ സരസകവികളായിരുന്നു. അപ്രകാരമുള്ള കൂട്ടുകവിതകളിൽ സരള, ദേവകി, വിഷ്ണുമായ മുതലായവ ഒരു നിലയ്ക്കു ദ്രുതകവനരീതിയിലായിരുന്നെങ്കിലും അവയിലുള്ള ഓരോ പദ്യവും യഥാർത്ഥസാഹിത്യഗുണം തുളുമ്പുന്നവയായിരുന്നുവെന്നു്

"സുരതടിനി, വിഭൂതി, ഭോഗിവൃന്ദം,
പരമമലപ്പുകൾ, തിങ്കളെന്നിതെല്ലാം
ഹരനുസമമണിഞ്ഞു "വംഗ" ദേശം
ധരണിയിൽനിർഭരമുല്ലസിച്ചിടുന്നു"

എന്നാരംഭിക്കുന്നതും,

"ഡീവാസ്സിന്നങ്ങമൊതുങ്ങുന്നബാലരീതാവാം
ക്ലൈവാനവാണിബാടൊടുവിൽപ്പടവെട്ടിയപ്പോൾ
ചാവ തെചെഞ്ഞുജ്ജല്ലനോടിയൊളിച്ചുപവ്
ജൈവാതൃകോദയമതിൽത്തിമിരംകണക്കെ"

എന്നുള്ളതും മററുമായ സരസയിലെയും,

"ഗോപട്ടത്തം ചെറുതുമെഴായ്കകൊണ്ടു വക്കിൽ-
ക്കൂട്ടത്തിൻകൊടിയൊരു ഭപനതന്റെയുമ്പിൽ
ആട്ടക്കൊപ്പുകളിൽമഴട്ടിനങ്ങളിൽപ്പാൽ
വാട്ടംവിട്ടൊരുവകവന്നുരുന്നുമററി"

എന്നുള്ളതും,

"കാട്ടിൽപ്പെടുന്ന കടവാതലവൻ കടന്നാ-
രാട്ടിന്റെയാലയിലണഞ്ഞലരുന്നപോലെ
പാട്ടിൽപ്പുറയാജമിഴിമാർമരുവും പരുത്തി-
ക്കാട്ടിൽക്കടന്നു കതകിന്നുവിളിച്ചു യോധൻ"

എന്നു മററും ദേവകിയിലുള്ളതും

"നീലത്തലക്കുഴ ചുഴിഞ്ഞു മുഖം വിയർത്തു,
ശീലത്തരംപകുതി തെന്നലടിച്ചുനീങ്ങി
പാലത്തൽപൂണ്ടു മൊഴി പന്തുകളിച്ചിടുന്ന
കോലത്തെനോക്കി മുഗ്ധനങ്ങിനെനിന്നുപോയി."

എന്നു തുടങ്ങി വിഷ്ണുമായയിലുമുള്ള അദ്ദേഹത്തിന്റെ പദ്യരത്നങ്ങൾ വിളിച്ചു പറയുന്നു. കൂടാതെ, സ്മര്യപുരുഷൻ "ദേവയാനി" എന്ന ഖണ്ഡകാവ്യത്തിൽ (ഇതു കൂട്ടുകവിതയാണു സ്മര്യപുരുഷനും, കണ്ടൂരും, ഒട്ടുവും ചേർന്നു രാമാനുജൻ മാസികയിലാണിതെഴുതിയതു്.)

എഴുതിയ

"ഇളതാമലരയറാ ചെററുമല്ലോ-
ട്ടിളകിത്താണനിതംബബിംബമോടും
വളർപൂങ്കുഴൽകെട്ടഴിഞ്ഞിഴഞ്ഞും
കളധൌതാംഗികൾ വാപിയിങ്കൽനീന്തി"

എന്നു തുടങ്ങിയ തന്മയത്വമേറിയ പദ്യങ്ങളും മററും അദ്ദേഹത്തിന്റെ ഖണ്ഡകവനനിർമ്മാണവൈദഗ്ദ്ധ്യത്തിന്നു മകുടോദാഹരണങ്ങളാണു്. "ലക്ഷ്മീഭായി" മാസികയിൽ "തങ്കമ്മ" എന്ന പച്ചമലയാള കവിതയും സ്മര്യപുരുഷനും പന്തളവും കൂടി കൂട്ടായി എഴുതിയതാണു്.

കവനകലയിൽ ഉള്ളൂർ പ്രദർശിപ്പിച്ചിരുന്ന നിസ്സീമമായ നൈപുണ്യം അപ്രകാരമുള്ള പല കാവ്യങ്ങളും പല മാസികകൾ വഴിയായും പ്രസ്പഷ്ടമായപോലെതന്നെ വിവിധവിഷയങ്ങളെ ആസ്പദിച്ചു ഗദ്യരചനയിലും അദ്ദേഹം കാണിച്ച അസാമാന്യമായ പാടവം അന്നുള്ള സകല പത്രഗ്രന്ഥങ്ങളും വിശദമാക്കിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണെന്നു തോന്നുന്നു, ഭാഷാസാഹിത്യലോകത്തിൽ ഒരു വലിയ ഒച്ചപ്പാടു, ദ്വിതീയാക്ഷരപ്രാസവഴക്കു മൂലമുത്ഭവിച്ചതു്. ഉള്ളൂരാകട്ടെ, ഭാഷാകവിതയ്ക്കു എത്രതന്നെ അർത്ഥപുഷ്ടിയുണ്ടായാലും ദ്വിതീയാക്ഷരപ്രാസവുംകൂടിയുണ്ടായാല അതിന്നു പരിപൂർണ്ണമായ അഴകുണ്ടാവുകയുള്ളുവെന്നുള്ള തന്റെ വാദം പ്രബലമായി പുറപ്പെടുവിക്കയും, അതിന്നെതിരായി കഴിഞ്ഞുപോയ പ്രസിദ്ധകവി, ശ്രീ. കെ. സി. കേശവപിള്ള, "കേരളപാണിനി" എന്നു സുപ്രസിദ്ധനായിരുന്ന പ്രൊഫസർ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ അഭിപ്രായം പ്രത്യ

ക്കപ്പെടുത്തുവാനെന്നോണം, ഭാഷാകാവ്യങ്ങൾക്ക അർത്ഥകല്പിക്കുവാൻ കൂടുതൽ സൌകൎയ്യം ദ്വിതീയാക്ഷരപ്രാസമില്ലാതിരിക്കയാണെന്നുള്ള എതിർവാദം കൊണ്ടുവരികയും, അന്നത്തെ സുപ്രസിദ്ധ സാഹിത്യകാരന്മാരിൽ പലരും പ്രകൃതവാദപ്രതിവാദങ്ങളിൽ അവരവരുടെ അഭിപ്രായങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും പത്രങ്ങൾവഴിയായി പറയുകയുമുണ്ടായി. ആ അവസരത്തിലാണു കേവലം മദ്ധ്യസ്ഥൻെറ നിലയിൽഅങ്ങിനെയുള്ള വഴക്കുതീക്കുവാൻ "കേരളകാളിദാസ"നെന്ന വിഖ്യാതനാമത്തിന്നർഹനായ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ "വാസന്തിമധുവന്ന" ഇത്യാദി പദ്യം പത്രപംക്തി വഴിയായി പുറത്തിറക്കിയതും, അതുപോലെതന്നെ കേരളവ്യാസനെന്നു പരക്കെ അറിയപ്പെട്ടിരുന്ന മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനും ആ കശപിശയിൽ മദ്ധ്യസ്ഥതയ്ക്കെന്നോണം

"ക്ലേശകരം പ്രാസമിത-
ക്കേരളമതമതിന്നെതിർത്തുവിപരീതാ
മോശതയതിനില്ലെന്നാ-
പ്പേശലപരമേശ്വരാസ്ത്യ സിദ്ധാന്തം"

എന്നും,

"പ്രായേണദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ-
ന്നായേലോകം രസിക്കൂ, കവിതയിലതിനാൽ
ഭൂരിപക്ഷത്തെനോക്കി
ചായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയെച്ചാൽ കാൎയ്യമുണ്ടോ കവിതകളെഴുതി
ക്കൂട്ടുവിൻ കൂട്ടുകാരെ!"

എന്നുംമററും സ്വാഭിപ്രായം പുറപ്പെടുവിച്ചു സ്വപക്ഷത്തെ ഏതാണ്ടനുകൂലിച്ചതും മററും. ചുരുക്കിപ്പറയുന്നതായാൽ, ആ പ്രാസവഴക്കിലാകട്ടെ, യഥാർത്ഥത്തിൽ വിജയം ഉള്ളൂരാണ് കരസ്ഥമാക്കിയതെന്നു പറയുവാൻ മതിയായ പല ഉദാഹരണങ്ങളുമുണ്ട്. പ്രാസപക്ഷപാതികൾക്ക കാവ്യനിൎമ്മാണവിഷയത്തിൽ അർത്ഥകല്പന കൂടുതൽ പ്രസ്പഷ്ടമാക്കുവാൻ സാമൎത്ഥ്യമില്ലെന്നുകൂടി എതിർകക്ഷികൾ സൂചിപ്പിച്ചതിനാൽ അവരുടെ ആ വാദം ശുഷ്കമാണെന്നു കാണിപ്പാനാവണം, ഉള്ളൂർ "സത്യവതി"എന്ന ഖണ്ഡകാവ്യം ദ്വിതീയാക്ഷരപ്രാസനിബന്ധം കൂടാതെ നിർമ്മിച്ചതു്. ആ കാവ്യത്തിലെ ഓരോ പദ്യത്തിനുമുള്ള അർത്ഥപുഷ്ടി സമൎത്ഥന്മാരായ സകല സാഹിത്യകാരന്മാരും സമ്മതിച്ചിട്ടുണ്ടെന്നുള്ള സംഗതി "പനിമതികലർന്നുപ്പാപ്പിട്ടും പാൽക്കടൽപ്പെൺ-കടമിഴികൾകളിക്കും വാരൊളിക്കേളിമുററം" എന്നുംമററുമുള്ള പദ്യരത്നങ്ങളാൽ സുപ്രസിദ്ധമാണ്. പ്രാസം കൂടാതെ അന്നു പല മാന്യകവികളും കാവ്യങ്ങൾ നിൎമ്മിക്കയുമുണ്ടായിട്ടുണ്ട്. ആ നിലയിൽ, അക്കാലത്തു പുറത്തിറങ്ങിയതാണ്, കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ "ദൈവയോഗ"മെന്ന കാവ്യമെന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു സന്ദർഭോചിതമാണെന്നു കരുതുന്നു.

ഉള്ളൂരിൻെറ അനിതരസാധാരണമായ കവനകലാനിപുണത പല പത്രങ്ങളും മാസികകളും വഴിയായി അപ്രകാരം പ്രസ്പഷ്ടമായിരുന്നകാലത്തും അതിന്നുമുമ്പും കൊടുങ്ങല്ലൂർ ഭഗവതിയുടേയും, എൻെറ അഭിവന്ദ്യഗുരുഭൂതന്മാരായ കാത്തുള്ളിൽ അച്യുതമേനോൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്നീമഹാകവികളുടേയും അനുഗ്രഹത്താൽ ഞാനും "കവനകൌമുദി"യിലും മററുപല പത്രങ്ങളിലും മാസികകളിലും "അണ്ണാറക്കണ്ണൻതന്നാലായതു്" എന്ന നിലയിൽ ചിലതൊക്കെ എഴുതിവന്നിരുന്നു. എന്നാൽ, ആ പ്രത്യേകകാലഘട്ടത്തിൻ ഏതാണ്ടു രണ്ടുമൂന്നുകൊല്ലം മുമ്പാണ്, എനിക്ക എൻെറ "ഇഷ്ടകവി"യായ ഉള്ളൂരിനെ നേരിട്ടുകണ്ടു് അദ്ദേഹത്തിൻെറ പരിചയവും, വാത്സല്യവും സമ്പാദിപ്പാൻ സംഗതിവന്നതെന്നുള്ളതു പ്രസ്താവ്യമാണ്. വയ്ക്കത്തുവെച്ചു നടന്ന ഭാഷാപോഷിണിസഭയിൽ (1085ലാണെന്നുതോന്നുന്നു-അതു പ്രസ്തുതസഭയുടെ ഒടുവിലത്തെ യോഗമായിരുന്നു. അതോടുകൂടി ആ സഭ "ഇങ്ങിനിവരാത്ത" നിലയിലായ സംഗതി സ്മൎത്തവ്യമാണ്) എൻെറ അഭിവന്ദ്യഗുരുനാഥനും, മഹാകവിയുമായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയെ അനുഗമിച്ചു് എനിക്കും ഭാഗ്യവശാൽ സംബന്ധിപ്പാൻ സാധിച്ചു. ഏതാണ്ടു 18വയസ്സിലധികമാകാത്ത ഞാൻ ആ മഹാസഭയിൽവെച്ചു് അന്നത്തെ പ്രധാന സാഹിത്യനായകന്മാരായ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, എം. രാജരാജവൎമ്മ തമ്പുരാൻ, മാവേലിക്കര ഉദയവൎമ്മതമ്പുരാൻ, പന്തളം കേരളവൎമ്മതമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. മാമൻമാപ്പിള്ള, കെ. സി. നാരായണൻ നമ്പ്യാർ, അമ്പലപ്പുഴ മാധവപ്പുതുവാൾ, പന്തളം കൃഷ്ണവാരിയർ, കടത്തനാട്ടു കൃഷ്ണവാരിയർ, നടുവത്തു മഹൻനമ്പൂതിരി തുടങ്ങിയ പല മഹാശയന്മാരുമായി അഭിമുഖസംഭാഷണം ചെയ്തു് അവരുടെ അനുഗ്രഹത്തിന്നും, പ്രീതിക്കും പാത്രീഭവിച്ചു. പ്രകൃതസഭയുടെ കാൎയ്യപരിപാ

ടിയിൽ ഒരു പ്രധാനപ്പെട്ട ചടങ്ങായിരുന്നു കവിതാവേഗപരീക്ഷ. ആ പരീക്ഷയിൽ അന്നു സംബന്ധിച്ചിരുന്നവർ എന്നേക്കാൾ എത്രയോ പ്രായംകൂടിയവരും പഠിപ്പും യോഗ്യതയുമുള്ളവരുമായ കവികളായിരുന്നു. അവരിൽ ഒടുവിൽ ശങ്കരൻകുട്ടിമേനോൻ, വിദ്വാൻ കെ. പി. കറുപ്പൻ, വയ്ക്കം സി. എൻ. രാമൻപിള്ള, ചങ്ങരംകോത കൃഷ്ണൻകർത്താവ്, പെട്ടരഴിയത്തു് വലിയരാമൻ എളയതു് എന്നു തുടങ്ങിയവരുടെ പേരുകൾ ഇവിടെ പറയുന്നതു് അസംഗതമാണെന്നു തോന്നുന്നില്ല. ആ കവിതാമത്സരപരീക്ഷയിൽ ഞാനും ചേരുവാനിടവന്നതു, യഥാർത്ഥത്തിൽ യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഏററവും ഉത്സുകനും, ഉദാരമതിയും, ഉത്സാഹശീലനുമായ സ്വർഗ്ഗീയപുരുഷൻെറ നിർബ്ബന്ധം ഒന്നുകൊണ്ടുമാത്രമാണു്. കേവലം കുട്ടിയായിരുന്ന എന്നെ ഗുരുനാഥൻമുഖേന കണ്ടു പരിചയിച്ച മാത്രയിൽത്തന്നെ അദ്ദേഹത്തിനു എൻെറ മേലിലുണ്ടായിരുന്ന വാത്സല്യം നിസ്സീമമായിരുന്നു. കൂടാതെ, അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി, "കവനകൌമുദി"യിലും മററും പലസരസകൃതികളും ഇടതടവെന്യേ എഴുതിവിടാറുള്ള കൊച്ചുകവിയല്ലേ കുട്ടിക്കുറുപ്പ്? ആ നിലയ്ക്കു ഇന്നത്തെ കവിതാപരീക്ഷയിൽ ചേർന്നുകൊള്ളു. നിശ്ചയമായും വിജയം സിദ്ധിക്കും" എന്നും എന്നെ അനുഗ്രഹിച്ചുകൊണ്ടു് പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ഒഴിച്ചുകൂടാത്ത നിർബ്ബന്ധത്താലും അവിടെയുണ്ടായിരുന്ന മററു പല സാഹിത്യനായകന്മാരുടെ ഉപദേശത്താലും എനിക്കും ആ കവിതാപരീക്ഷയിൽ ചേരുവാൻ ധൈര്യം വരികയും, ഭാഗ്യവശാൽ, കേവലം അപട്ടുവായ ഞാൻ ആ പരീക്ഷയിൽ ഒന്നാമനായി വിജയിയാവുകയുമുണ്ടായി. എന്നേക്കാൾ വളരെ പ്രായവും യോഗ്യതയും കൂടിയവരായ പെട്ടരഴിയം വലിയരാമനെളയതും, വെയ്ക്കം സി. എൻ. രാമൻപിള്ളയുമായിരുന്നു യഥാക്രമം രണ്ടും മൂന്നും സമ്മാനത്തിന്നർഹന്മാർ. കവിതാപരീക്ഷയിൽ ഞാൻ വിജയിയായപ്പോൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു വാത്സല്യപൂർവ്വം എന്നെ അനുഗ്രഹിച്ചു എനിക്കു സമ്മാനം തന്നു കഴിഞ്ഞ ഉടനെ പെട്ടെന്നു എൻെറ അടുക്കലെത്തി കൈപിടിച്ചു അത്യാനന്ദപൂർവ്വം എന്നെ അനുഗ്രഹിച്ചവരിൽ ഒന്നാമത്തെ മാന്യൻ നമ്മുടെ സ്വർഗ്ഗീയപുരുഷൻതന്നെയായിരുന്നു. അദ്ദേഹത്തിൻെറ ആ പ്രകാരത്തിലുള്ള ഉള്ളഴിഞ്ഞ അനുഗ്രഹവും, സദുപദേശവും സാഹിത്യവിഷയകമായ എൻെറ പ്രവൃത്തനങ്ങൾക്കു പലനിലയിലും പൂർവ്വാധികം സഹായകമായിത്തീർന്നിരുന്നുവെന്നു എനിക്കു പിന്നീടു പല കാരണങ്ങളാലും അനുമാനിക്കുവാൻ കഴിഞ്ഞു.

ഞാനും സ്വർഗ്ഗീയപുരുഷനും തമ്മിൽ അങ്ങിനെ നേരിട്ടുകണ്ടു ഞങ്ങൾ തമ്മിലുള്ള ഹൃദയപരിചയം യഥാർത്ഥമുഖപരിചയവുംകൂടിയായി-അഥവാ പ്രത്യക്ഷപരിചയമായി-ഉറപ്പിച്ചശേഷം ഞാൻ പലപ്പോഴും കവനകൌമുദി, ഭാഷാപോഷിണി, ആത്മപോഷിണി, മലയാളമനോരമ തുടങ്ങിയ മാസികകളിലും പത്രങ്ങളിലും എഴുതിക്കൊണ്ടിരുന്ന കവിതകളേയും, ഗദ്യലേഖനങ്ങളേയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ടു ആ ഉദാരാശയൻ എനിക്കു സസ്നേഹം കത്തുകൾ എഴുതുക പതിവായിരുന്നു. മാത്രമല്ല, ആ അവസരങ്ങളിലെല്ലാം അദ്ദേഹം കൂടെക്കൂടെ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി അച്യുതമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയ അന്നത്തെ കുന്നാംകിട കവികൾക്കുകൂടി എന്നെപ്പററി അഭിനന്ദനരൂപത്തിൽ എഴുതുകയും ചെയ്തിരുന്നു.

ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധം അങ്ങിനെ ക്രമത്തിൽ സുദൃഢമാവുകയും, അദ്ദേഹത്തിൻെറ പല കൃതികളും വായിച്ചു ഞാൻ അവയിൽനിന്നു പല നൂതനങ്ങളായ ആശയങ്ങൾ ധരിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു അവസരത്തിലാണു്, അതായതു് 1088 മകരം 10-ാംനു-, മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ ദിവംഗതനായതു്. ആ സങ്കടവർത്തമാനം ഞാൻ മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻമുതൽ അന്നുള്ള പല പ്രധാനകവികൾക്കും കത്തുമൂലം അറിവുകൊടുക്കുകയുണ്ടായി. അവരിൽ മിക്കവരും കേരളവ്യാസൻെറ അഭാവത്തിൽ ആത്മാർത്ഥമായി അനുശോചിച്ചു അന്നു മറുപടി അയച്ചിരുന്നു. എന്നാൽ, ഉള്ളൂർ ആ വിഷയത്തിൽ എനിക്കയച്ച കത്തിൽ എനിക്കു പ്രത്യേകം ബോധകമാകത്തക്കസംഗതികൾ ചിലതെല്ലാം എടുത്തുപറഞ്ഞിരുന്നതുകൊണ്ടു് അദ്ദേഹത്തിനു എന്നോടുണ്ടായിരുന്ന വാത്സല്യം കേവലം അകൃത്രിമവും അഗാധവുമായിരുന്നുവെന്നു വിശദമായി. പ്രസ്തുത കത്തിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു:—"കേരളവ്യാസൻ തിരുമേനിയുടെ നിര്യാണം കൈരളിയ്ക്കുമാത്രമല്ല, കേരളമണ്ഡലത്തിനു ഒട്ടാകെ അപരിമിതമായ ഒരു നഷ്ടമാണെന്നുള്ളതിന്നു സംശയമില്ല.

"പതിനെട്ടു പുരാണങ്ങൾ—പതിററുകിടക്കവേ
മതിമങ്ങിച്ചിച്ചവൃത്തി-മതിയാക്കുകിൽമോശമാം"

ള്ളത മഹാഭാരതം തർജ്ജമചെയ്തശേഷം സധൈര്യം പ്രസ്താവിക്കയും, അതുപ്രകാരം മററുള്ള മഹാപുരാണങ്ങളും പുറത്തിറക്കുവാൻ പ്രയത്നിക്കയും ചെയ്തിരുന്ന അവിടത്തെ ശാശ്വതമായ വേർപാടു മലയാളസാഹിത്യത്തിനു ബാധിച്ചിട്ടുള്ള കഠിനമായ ഗ്രഹപ്പിഴയ്ക്കു ഒരു മതിയായ ഉദാഹരണമാണ്. മനോഗുണവും കവിതാഗുണവും തുല്യനിലയിൽ ഒത്തുചേർന്നു ഉടലെടുത്ത ഒരാളായിരുന്നു ആ തിരുമേനി. അദ്ദേഹത്തിന്റെ ചവിട്ടടിയിൽകൂടി മുന്നോട്ടുപോയിരുന്ന അസ്മാദൃശർക്ക് ഇനിഅവലംബമാരാണ്? ലോകത്തിൽ നല്ല നല്ലവസ്തുക്കൾക്കാണ് വേഗത്തിൽ നാശമെന്നുള്ള തത്വം യഥാർത്ഥമാണ്. പക്ഷെ, ആ നല്ല നല്ല വസ്തുക്കളുടെ ഗുണാതിരേകത്തെ മാതൃകയാക്കിക്കൊണ്ടു നാം മുന്നോട്ടു പോകുവാൻ ശ്രമിക്കുകയെന്നല്ലാതെ ഇനി ദുഃഖിച്ചിട്ടു പ്രയോജനമില്ല. ആ മഹാപുരുഷന്റെ ആത്മാവു നിത്യശാന്തിയിൽ ലയിക്കട്ടെ!

കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ നിര്യാണത്താൽ നിങ്ങൾക്കു പററിയ ദുസ്സഹദുഃഖത്തിൽ ഞാൻ ഹാർദ്ദമായി പങ്കുകൊള്ളുന്നുണ്ട്. ആ തിരുമേനിയുടെ ആത്മാർത്ഥമായ വാത്സല്യവും, അനുഗ്രഹവും നിങ്ങളുടെ അഭിവൃദ്ധിക്കു സർവ്വഥാ സംഗതി വരുത്തിയിരിക്കെ, അദ്ദേഹത്തിന്റെ അഭാവത്തിൽ നിങ്ങൾ എങ്ങിനെ സമാധാനപ്പെടും? ഏതായാലും, മനസ്സു പതറാതെ കവനവിഷയത്തിൽ കൈകാര്യം ചെയ്യുവാൻ ഉദാസീനതകാണിക്കാതിരിക്കുക. നിങ്ങൾക്കുഎല്ലാകാലത്തും അസ്മാദൃശരുടെ സഹായസഹകരണങ്ങളുണ്ടായിക്കൊണ്ടിരിക്കും. തല്ക്കാലം ഇത്രമാത്രം- സ്വന്തം ഉള്ളൂർ (ഒപ്പ്)" ഉള്ളൂർ അയച്ചപ്രസ്തുതകത്തിൽ, അദ്ദേഹം ഉള്ളുതുറന്നു എന്നെപ്പററി പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ നിന്നു അദ്ദേഹത്തിനു എന്റെമേലുള്ള അകൃത്രിമമായ സ്നേഹവാത്സല്യാദികൾ പ്രത്യേകം പ്രസ്പഷ്ടമായിരിക്കുന്നു.

മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ നിര്യാണാനന്തരം അവിടത്തെ സ്മാരകമായി കൊടുങ്ങല്ലൂർ നിന്നു "കേരളവ്യാസൻ" എന്ന പേരിൽ ഒരു മലയാളമാസിക പുറത്തിറക്കുവാൻ ഞാനും, എന്റെ മാന്യസ്നേഹിതനും, സരസകവിയുമായിരുന്ന നന്ത്യേലത്തു പത്മനാഭമേനോനും പ്രത്യേകപരിശ്രമങ്ങൾ പലതും ചെയ്തുകൊണ്ടിരിയ്ക്കയും, ആ ഉദ്ദേശത്തെ ലാക്കാക്കി ഞാൻ തിരുവനന്തപുരത്തു പോയി ഉള്ളൂർ, പന്തളം കേരളവർമ്മ തമ്പുരാൻ തുടങ്ങിയ പല സാഹിത്യനായകന്മാരേയും കാണുവാൻ തീർച്ചപ്പെടുത്തുകയുമുണ്ടായി. അന്നുതിരുവനന്തപുരത്തു ബി. എൽ. ക്ലാസ്സിൽ പഠിച്ചിരുന്ന എന്റെ മന്യസ്നേഹിതൻ പത്മനാഭമേനോനും എന്നെ ആ വിഷയത്തെ ആസ്പദമാക്കി അങ്ങോട്ടു ക്ഷണിച്ചിരുന്നു. ആ അവസരത്തിലാണു—1089 കന്നിയിലാണ്—കഴിഞ്ഞുപോയ സുപ്രസിദ്ധകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനും ഒരു തിരുവനന്തപുരം യാത്രയ്ക്കു തയ്യാറായിരുന്നതു്. ഭാഗ്യവശാൽ, അദ്ദേഹം തന്നോടുകൂടി ഞാനും ഉണ്ടാകുന്നതു തനിക്കു ഏററവും സംതൃപ്തികരമാണെന്നു എന്നോടു ഇന്നു പറഞ്ഞതനുസരിച്ചു ഞങ്ങൾ രണ്ടുപേരും നവരാത്രിക്കു രണ്ടുമൂന്നു ദിവസം മുമ്പു തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ അവിടെ എത്തിയ ഉടനെ കഴിഞ്ഞുപോയ മഹാകവി പന്തളത്തു കേരളവർമ്മ തമ്പുരാൻ തിരുമനസ്സിലെ വസതിയിലേയ്ക്കു പോയി അവിടെ താമസമുറപ്പിക്കയാണുണ്ടായതു്, ഒടുവിന്റെ സഹോദരീഭർത്താവായിരുന്നു പരേതനായ പന്തളം തമ്പുരാൻ. ആ നിലയ്ക്കു അദ്ദേഹത്തിനു (ഒടുവിന്നു) അവിടെ താമസിപ്പാൻ പ്രത്യേകസന്തുഷ്ടിയും, അവകാശവുമുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഞങ്ങൾ പന്തളം തമ്പുരാന്റെ വസതിയിലെത്തി കുളിയൂണാദിയവകഴിച്ച് ഏതാണ്ടു ഉച്ചയ്ക്കു ശേഷം (3മണിയോടുകൂടി) ഹജ്ജൂരാപ്പീസിലേയ്ക്ക് ഉള്ളൂരിനെ കാണ്മാൻ പുറപ്പെടുകയെന്നു തീർച്ചപ്പെടുത്തി. "ഞാനും നിങ്ങളുടെകൂടെ വരാം" എന്നു പന്തളം പറഞ്ഞു കഴിയുമ്പോഴേയ്ക്കും പത്മനാഭമേനോനും അവിടെ വന്നുചേർന്നു. ഉടനെ ഞങ്ങൾ നാലുപേരുംകൂടി ഹജ്ജൂരാപ്പീസിൽ ചെന്ന്, ഞങ്ങൾ വന്നിട്ടുള്ള വിവരം ഒരു ശിപായിമുഖേന ഉള്ളൂരിനെ അറിയിച്ചു. ഉള്ളൂർ അപ്പോൾ ഹജ്ജൂരിൽ അസിസ്റ്റാണ്ടു സിക്രട്ടറിയായിരുന്നു. ഞങ്ങൾ വന്നിട്ടുണ്ടെന്നു കേട്ടമാത്രയിൽ ആ മഹാമനസ്കൻ, താൻതിരക്കായി നോക്കിക്കൊണ്ടിരുന്ന ചില ഫയലുകളെ അതേനിലയിൽ മേശപ്പുറത്തുവെച്ചു ഉടനടി ഞങ്ങളെ സ്വീകരിപ്പാൻ സുസ്മേരവദനനായി വരികയും, അദ്ദേഹത്തിന്റെ മുറിയിലേയ്ക്കു ഞങ്ങളെ സാദരം ക്ഷണിച്ചുകൊണ്ടുപോവുകയും ചെയ്തു. എന്നാൽ, ഞങ്ങളിൽ നാലുപേരോടുമുള്ള സ്നേഹം അദ്ദേഹം പ്രത്യേകം പ്രസ്പഷ്ടമാക്കിയ കൂട്ടത്തിൽ, എന്നോടുള്ള വാത്സല്യം കുറെക്കൂടി ബാഹ്യമായി സൂചിപ്പിച്ചതു് എന്റെ ചുമലിൽ കയ്യു വെച്ചു "ഞാനേററവും സന്തുഷ്ടനായി" എന്നു ചിരിച്ചുകൊണ്ടുച്ചരിച്ചതിൽ നിന്നു വെളിവായി. ഒടുവും, പന്തളവും അദ്ദേഹത്തിന്റെ പഴയ സ്നേഹിതന്മാർ, പഴക്കവും, തഴക്കവുമെന്ന കവികൾ, ഞാനാകട്ടെ ഉയർന്നു വരുവാനാശിയ്ക്കുന്ന ഒരു കവികിശോരൻ, ആ നിലയ്ക്ക് അദ്ദേഹം എന്റെപേരിൽ പ്രത്യേ

കം പ്രതിപത്തിപ്രദൎശിപ്പിച്ചതു് ഏതു നിലയിലും യുക്തമായെന്നുതന്നെയാണു് എനിക്കും തോന്നുന്നതു്. പത്മനാഭമേനോനേയും അദ്ദേഹം പ്രത്യേകം സന്തുഷ്ടനാക്കിയെന്നുതന്നെ പറയാം. അങ്ങിനെ ഞങ്ങളെല്ലാവരുംകൂടി കുറച്ചുനേരം അദ്ദേഹത്തിന്റെ മുറിയിലിരുന്നു കുശലപ്രശ്നങ്ങൾ നടത്തിയശേഷം ഉള്ളൂർ പറഞ്ഞതു് ഇപ്രകാരമാണു്:—"ഇന്നെനിക്കു ഒരു സുദിനമാണു്. ഇപ്പോൾതന്നെ നമുക്കു ഇവിടെനിന്നു ഇറങ്ങാം. സാഹിത്യസമാരാധനയ്ക്കു സന്ദൎഭം കിട്ടിയ ഈ ഘട്ടത്തിൽ തലവേദന ഉണ്ടാക്കുന്ന കച്ചേരിപ്രവൃത്തി നാളേയ്ക്കു നീക്കിവെയ്ക്കാം." അനന്തരം അദ്ദേഹം തന്റെ ആപ്പീസിലെ ഒരു സൂപ്രണ്ടിനെ വിളിച്ചു്, താൻ അപ്പോൾ പോകുന്നു എന്നുമാത്രം പറയുകയും, ഞങ്ങളെല്ലാവരുംകൂടി പുറത്തേയ്ക്കിറങ്ങുകയും ചെയ്തു. അവിടെനിന്നു പന്തളത്തിന്റെ വസതിയിലെത്തുംവരെ അദ്ദേഹം എന്റെ ചുമലിൽ കൈവെച്ചുകൊണ്ടു രസകരമായ സാഹിത്യസംഭാഷണത്തിലേർപ്പെടുകയാണുണ്ടായതു്.

ഞങ്ങളെല്ലാവരുംകൂടി അങ്ങിനെ പന്തളത്തിന്റെ വസതിയിലെത്തിയപ്പോൾ അവിടെ ഞങ്ങളേയും കാത്തുകൊണ്ടു് മൂന്നു പേർ ഇരുന്നിരുന്നു. അവർ കഴിഞ്ഞുപോയ സരസകവികളായ വി. പി. പത്മനാഭൻ നമ്പൂതിരിപ്പാടും, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടും, സുഭാഷിണി പത്രാധിപർ പി. കെ. ഗോവിന്ദപ്പിള്ളയുമായിരുന്നു. അവരെക്കൂടി അവിടെ കണ്ടപ്പോൾ ഞങ്ങൾക്കെല്ലാവൎക്കും സാഹിത്യവിഷയകമായ സംഭാഷണങ്ങളിലേർപ്പെടുവാൻ കൂടുതൽ ഉത്സാഹം ജനിച്ചു. ഉടനെ ഞങ്ങളെല്ലാം കാപ്പികുടികഴിഞ്ഞു ഒന്നിച്ചിരുന്നു സരസമായ സാഹിത്യസല്ലാപത്തിലുത്സുകരായി. കഴിഞ്ഞുപോയ കവിതിലകൻ ഒടുവിൽ ശങ്കരൻകുട്ടിമേനോനും ഏതാനും ദിവസങ്ങൾക്കുമുമ്പ് അവിടെവന്നു താമസമാക്കിയിരുന്നതിനാൽ അദ്ദേഹത്തേയും ഞങ്ങളുടെ സാഹിത്യസംഭാഷണങ്ങളിൽ പങ്കുകൊള്ളിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അങ്ങിനെ ആ സരസമായ സംഭാഷണം കൊണ്ടുപിടിച്ചുകൊണ്ടിരിക്കെ ഉള്ളൂർ അഭിപ്രായപ്പെട്ടതു് ഇപ്പോഴാണു്, ഒരു "കൂട്ടകവിത" യെഴുതുവാൻ നമുക്കു് ഏററവും സമുചിതമായ സമയമെന്നാകുന്നു. "എന്നാൽ അങ്ങിനെതന്നെയാവട്ടെ, ഇക്കാലം കൂട്ടകവിതക്കൃഷിയാണല്ലോ ഭാഷാസാഹിത്യകേദാരത്തിൽ കാര്യമായി നടക്കുന്നതു്" എന്നു പന്തളവും, "ആട്ടെ, ദ്രുതകവന പരീക്ഷതന്നെയാവട്ടെ. ചെറുപ്പക്കാരായ ഈ കവികളുടെ സാമൎത്ഥ്യമൊന്നു കാണട്ടെ" (എന്നേയും, പത്മനാഭമേനോനേയും, നമ്പൂതിരിപ്പാടന്മാരേയും നോക്കി പുഞ്ചിരിതൂകിക്കൊണ്ടു്) എന്നു ഒടുവിൽ ഉടനടി ഉത്തരം പറഞ്ഞു. "എന്നാൽ ഒരു കഥ എടുക്കുക" എന്നായി പന്തളം. "അതിനു സൎവ്വഥാ സമൎത്ഥൻ ഉള്ളൂരാണു്" എന്നു ഒടു അഭിപ്രായപ്പെട്ടു. 'അതു് ഞാനല്ലെങ്കിലും, സൎവ്വസമ്മതനായ ഒരു സരസകവി കല്പിച്ചാൽ അതിനുവഴിപ്പെടേണ്ടതു് എന്റെ മുറയല്ല" എന്നുപറഞ്ഞുകൊണ്ടു ഉള്ളൂർ "പാതാളരാമായണ"ത്തിൽ (തമിഴിൽ) ഉള്ള ഒരു കഥ (ഹനൂമാന്റെ മാഹാത്മ്യം) വിസ്തരിച്ചു ഭംഗിയായി ഞങ്ങളെ പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ "കഥ പങ്കിടുന്ന ചുമതല ഇനി ഒടുവിന്നാവട്ടെ" എന്നുള്ള ഉള്ളൂരിന്റെ അഭിപ്രായപ്രകാരം ഒടു എട്ടു കടലാസ്സുതുണ്ടുകളിൽ (നറുക്കുകളിൽ) പ്രസ്തുതകഥയുടെ ഓരോ ഭാഗത്തിന്റെ ഉള്ളടക്കം ഏററവും ചുരുക്കി (ഏതാണ്ടു ഒററവാചകത്തിൽ) എഴുതി ഒരു വെള്ളിത്തട്ടിൽ വെച്ചു ഒന്നിച്ചു നന്നായിളക്കി തന്റെ പ്രിയപ്പെട്ട സഹോദരനും ജാതൃസ്ഥാനമായ ശങ്കരൻകുട്ടിമേനോനെക്കൊണ്ടു ഓരോ നറുക്കെടുപ്പിച്ചു് ഓരോരുത്തൎക്കും കൊടുപ്പിച്ചു ബാക്കിയായ ഒരു നറുക്കു അദ്ദേഹത്തോടെടുക്കുവാനും പറഞ്ഞു. അതുപ്രകാരം ഞങ്ങൾക്കെല്ലാം ഓരോ നറുക്കു കിട്ടിയ ഉടനെ, ഒരു ഘടികാരമെടുത്തുവെച്ചു സമയം നോക്കുകയും, ഒരു മണിക്കൂർകൊണ്ടു പ്രസ്തുതകവിത എല്ലാവരുംകൂടി എഴുതിത്തീൎക്കണമെന്നു നിൎദ്ദേശിക്കയും, പതിനഞ്ചുപദ്യം വീതം ഓരോരുത്തർ ഓരോ സംസ്കൃതവൃത്തത്തെ കഥയിലുള്ള പേരുകൾക്കു യോജിച്ചവിധം കൈക്കൊണ്ടു യഥാക്രമം കഥാഴമിക്കണമെന്നും അഭിപ്രായപ്പെട്ടു. അപ്രകാരം വൈകുന്നേരം അഞ്ചുമണിക്കു ഞങ്ങൾ ആ കവിതാവേഗപരീക്ഷയിലേർപ്പെടുകയും 6 മണി കഴിഞ്ഞപ്പോഴെയ്ക്കും മിക്കവാറും എല്ലാവരും അവരവരുടെ ഭാഗം എഴുതികഴിയുകയും, അവിടെവെച്ചുതന്നെ അവനവന്റെ ഭാഗം അവനവൻതന്നെ വായിച്ചു മററുള്ളവരുടെ അഭിപ്രായാനുസരണം ചില്ലറയായ ചില മാററങ്ങൾ ചെയ്യുകയുമുണ്ടായി. ആ കൂട്ടകവിതാരചനയിൽ കൃത്യസമയത്തിന്നു മുമ്പുതന്നെ തന്റെ ഭാഗം എഴുതിത്തീൎത്തു ഉള്ളൂർ ഒരു പുഞ്ചിരിയോടുകൂടി എന്റെ മുഖത്തൊന്നു നോക്കി. അപ്പോൾ എന്റെ ഭാഗവും കഴിഞ്ഞിരിക്കുന്നുവെന്നു അദ്ദേഹത്തിന്നു ഊഹിക്കുവാൻ സാധിച്ചു. വാസ്തവത്തിൽ, ദ്രുതകവനത്തിന്നു ഞാൻ കുറച്ചു സാമൎത്ഥ്യം കാട്ടാറുണ്ടെന്നു് തനിക്കു മുമ്പുതന്നെ അറിവുള്ളതുകൊണ്ടാണു് ഉള്ളൂർ ആ അവസരത്തിൽ തന്റെ ശ്രദ്ധ സവിശേഷം

ഇവിടെ പ്രസ്താവിക്കുന്നതു അശേഷം ആത്മസ്തുതിയായിട്ടല്ലെന്നു മാന്യവായനക്കാർ മനസ്സിലാക്കുമല്ലോ. അങ്ങിനെ ശരിയ്ക്കു ആറുമണിക്കുമുമ്പ് ഒടുവും തന്റെ കൃത്യം നിറവേററി. മററുള്ളവരും ഏതാണ്ടു തക്കസമയത്തുതന്നെയാണവരുടെ പണി തീർത്തതു്. എന്നാൽ ഉള്ളൂർ വളരെ മുമ്പുതന്നെ തന്റെ ഭാഗം എഴുതിത്തീർത്തുവെന്നു മനസ്സിലായതിനാലായിരിക്കാം ഒടു ഒരു പുഞ്ചിരിയോടുകൂടി “അമ്പട പട്ടരെ! എന്നെ തോല്പിച്ചുവല്ലേ” എന്നു ഉള്ളൂരിനോട് നേരിട്ടുചോദിച്ചതു്. സ്നേഹസൂചകമായി അങ്ങിനെ പച്ചയായി ഫലിതരൂപത്തിൽ പറഞ്ഞപ്പോൾ, “ഒടു കവിതയിൽ ഞങ്ങളെക്കാൾ മുമ്പനാണെങ്കിലും, ഒടു എന്ന പേർ അന്വർത്ഥമാക്കുവാനായിരിക്കുമോ ഇതു അമാന്തിച്ചതു” എന്നു ഉള്ളൂർ എതിർ ചോദ്യംചെയ്തു. അങ്ങിനെ തമാശയോടുകൂടി ഞങ്ങളെട്ടുപേരും ചേർന്നു എഴുതിത്തീർത്ത ആ ഖണ്ഡകവിതയ്ക്കു, “അജ്ഞാനവിജയം” എന്നു പേർ കൊടുക്കുകയും, അതു് താമസിയാതെ “കവനകൌമുദി”ക്കു് കൊടുപ്പാൻ ഐകകണ്ഠ്യേന ഞങ്ങൾ തീർച്ചപ്പെടുത്തുകയും ചെയ്തു. ഒരാഴ്ചക്കുശേഷം ഞാൻ ആ കാവ്യം “കവനകൌമുദി”മാസികയ്ക്കു കൊടുക്കുകയും താമസിയാതെ അതു പ്രസിദ്ധപ്പെടുത്തിക്കാണുകയുമുണ്ടായി. അങ്ങിനെയുള്ള കൂട്ടുകവിതാനിർമ്മാണവും സരസമായ സാഹിത്യസംഭാഷണവും മററും പിന്നീടു വളരെക്കാലം നിലനില്ക്കാതെപോയതു്, ക്രമേണ ഭാഷാസാഹിത്യത്തിൽ പ്രസ്ഥാനസംബന്ധമായ ചില പരിവർത്തനങ്ങൾക്കിടവന്നതുകൊണ്ടാണെങ്കിൽ, അങ്ങിനെയുള്ള സുവർണ്ണകാലങ്ങൾ തന്നെയായിരുന്നു യഥാർത്ഥസാഹിത്യകാരന്മാർക്കു വിജ്ഞാനത്തിന്നും വിനോദത്തിന്നും സർവ്വോപരി സഹായകമായ ദശാഘട്ടങ്ങളെന്നു ഇതു എഴുതുന്ന ആൾ പറയുമ്പോൾ “ശ്ലോകമുത്തശ്ശി”മാരെ പഴിച്ചു “വായിൽതോന്നുന്നതെല്ലാം പാട്ടാക്കി” ഇന്നത്തെ ചില “സാഹിത്യകേസരികൾ” നീരസത്താൽ പല്ലിറുമ്മാനും കണ്ണുരുട്ടുവാനും സംഗതിയായേയ്ക്കും. അപ്രകാരമുള്ള പരിഹാസകലവികളും, വിജാതീയമായ നിരൂപണരീതികളും “കാലത്തിന്നൊത്തകോലങ്ങ”ളെന്നു മാത്രം സമാധാനിച്ചിരിക്കുകയല്ലാതെ ആവിഷയങ്ങളിൽ കൂടുതലായി മററൊന്നും പറയുവാൻ ഞാൻ ഇപ്പോൾ തുനിയുന്നില്ല.

മേൽപ്രസ്താവിച്ച നിലയിലുള്ള കവനസാമർത്ഥ്യപരീക്ഷകഴിഞ്ഞ ശേഷവും ഞങ്ങൾ കാര്യമായി ചെലവാക്കിയതു, സാഹിത്യപരമായ സംഭാഷണങ്ങൾക്കുതന്നെയായിരുന്നു. ആ അവസരത്തിൽ, താൻ എഴുതുവാൻതുടങ്ങിയിട്ടുള്ള “കേരളസാഹിത്യചരിത്ര”ത്തെപ്പററി ഉള്ളൂർ സംക്ഷിപ്തമായി ചില സംഗതികൾ ഞങ്ങളോടു പറഞ്ഞിട്ടുണ്ടു്. പ്രസ്തുത സാഹിത്യചരിത്രമാണു് ആ മഹാശയന്റെ അന്നുമുതലുള്ള അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഇപ്പോൾ ഏതാണ്ടു പരിപൂർണ്ണമായിട്ടുള്ളതു്. തിരുവിതാംകൂർ ഗവമെണ്ടു് ആ മഹത്തായ ഗ്രന്ഥത്തെ ഏറെറടുത്തു അച്ചടിപ്പിക്കുവാൻ പോകുന്നുണ്ടെന്നു കേൾക്കുന്നുണ്ടെങ്കിലും, അതു പുസ്തകരൂപത്തിൽ പുറത്തുവന്നുകാണ്മാൻ അല്പകാലവുംകൂടി ആ അതിസമർത്ഥനായിരുന്ന സാഹിത്യചരിത്രാന്വേഷകനായ ധിഷണാശാലിക്കു ജീവിച്ചിരിപ്പാൻ ദൈവം ആയുസ്സു നീട്ടിക്കൊടുത്തില്ലല്ലോ എന്നാകുന്നു അസ്മാദൃശർ ഉള്ളുരുകിക്കൊണ്ടു കുണ്ഠിതപ്പെടുന്നതു്. ഞങ്ങളുടെ സരസസംഭാഷണമദ്ധ്യേ മുമ്പുണ്ടായ പ്രാസവഴക്കു മുതലായ പലസംഗതികളും പ്രതിപാദ്യവിഷയങ്ങളായിരുന്നു. അങ്ങിനെ ഏതാണ്ടു് ഏട്ടുമണിവരെ ഞങ്ങൾ കവിതയും, തമാശയുമായി കളിച്ചു ചിരിച്ചുകഴിച്ചുകൂട്ടിയതിനുശേഷം പിറേറന്നു വൈകുന്നേരം എല്ലാവരും വീണ്ടും പന്തളത്തിന്റെ വസതിയിൽ വന്നുകൂടിക്കൊള്ളണമെന്നുള്ള നിശ്ചയത്തിന്മേൽ ആ സൌഹാർദ്ദസമ്മേളനം അപ്പോൾ അവസാനിപ്പിച്ചു.

ഞങ്ങളിൽ നമ്പൂതിരിപ്പാടന്മാർ രണ്ടുപേരും അവർ താമസിക്കുന്ന സ്ഥലങ്ങളിലേയ്ക്കും, ഞാൻ പത്മനാഭമേനോനൊരുമിച്ചു അദ്ദേഹത്തിന്റെ പാർപ്പിടത്തിലേയ്ക്കും തിരിച്ചു. ഉള്ളൂർ തന്റെ ഭവനത്തിലേയ്ക്കുതന്നെപോയി. ഒടുവും സഹോദരനും അവരുടെ ബന്ധുവായ പന്തളമൊരുമിച്ചുതന്നെയാണു് താമസിച്ചിരുന്നതു്.

പിറേറദിവസം പറഞ്ഞുവെച്ചപോലെ ഞങ്ങളെല്ലാവരും പന്തളത്തിന്റെ വസതിയിലൊരുമിച്ചുചേർന്നു. അന്നു വഞ്ചിയൂർ നിവാസികളുടെ ഒരു സാഹിത്യസമാജത്തിന്റെ വാർഷികദിനമായിരുന്നതിനാൽ ഒടുവിനെ അവർ അദ്ധ്യക്ഷപദത്തിലേയ്ക്കു ക്ഷണിക്കുകയും, ഞങ്ങളോടും ആ സമ്മേളനത്തിൽ സന്നിഹിതരാകുവാൻ സാദരം അപേക്ഷിക്കയും ചെയ്തിരുന്നു. അതുപ്രകാരം ഞങ്ങളെല്ലാവരുംകൂടി ആ സാഹിത്യസമാജവാർഷികോത്സവത്തിൽ പങ്കുകൊള്ളുകയുണ്ടായി. അന്നുതന്നെ വയോവൃദ്ധനായിരുന്ന പഴയ സാഹിത്യകാരനായ റിട്ടയർഡ് ജഡ്ജി ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ളയവർകൾ അവിടെവെച്ചു ഞങ്ങളെ എല്ലാവരേയും ഒന്നിച്ചുകണ്ടപ്പോൾ പൊട്ടിച്ചിരി

ച്ചു "ബലേ! ഭേഷ്" എന്നുമുക്തകണ്ഠം ഉച്ചരിച്ചതു് ഇന്നലെ കഴിഞ്ഞതുപോലെയാണെനിക്കു തോന്നുന്നതു്.

ആ വാർഷികയോഗസമ്മേളനാനന്തരം ഞങ്ങളെല്ലാവരുംകൂടി തിരിച്ചതു് കടൽപ്പുറത്തേയ്ക്കാണു് ഏകദേശം ആറുമണിയോടുകൂടി (വൈകുന്നേരം) ഞങ്ങൾ അവിടെ എത്തി പ്രകൃതിരമണീയമായ അസ്തമയകാന്തികണ്ടു ആനന്ദിച്ചു കുറച്ചുനേരം വെടിപറഞ്ഞിരുന്നപ്പോൾ ഉള്ളൂരിന്നു തോന്നിയതു് "എന്നാൽ ഇനി നമുക്ക് ഇവിടെത്തന്നെ ഇരുന്നു കുറെസമയം അക്ഷരശ്ലോകം ചൊല്ലിക്കഴിക്കുകയല്ലേ" എന്നായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഞങ്ങൾ ഐകകണ്ഠ്യേന അനുകൂലിക്കയും, ഉടനടി അക്ഷരശ്ലോകോച്ചാരണത്തിന്നു ബദ്ധകങ്കണരാവുകയുംചെയ്തു. ഞങ്ങൾ ഏതാണ്ടു മൂന്നുമണിക്കൂറിലധികസമയം ആ അക്ഷരശ്ലോകം ചൊല്ലൽ ഏററവും സരസമായ രീതിയിൽ നടത്തി. ഭാഷാപദ്യങ്ങൾമാത്രമേ ചൊല്ലാൻ പാടുള്ളു എന്നു നിർബന്ധമുണ്ടായിരുന്നു. അന്നത്തെ ആ രസകരമായ സാഹിത്യവിനോദത്തിൽ ഉള്ളൂർ പ്രദർശിപ്പിച്ച അസാമാന്യമായ ധാരണാശക്തിയും, ധിഷണാവൈഭവവും പ്രത്യേകം സ്തുത്യർഹമാണു് ഞങ്ങളിൽ ആരെങ്കിലും ചൊല്ലുന്ന പദ്യത്തെപ്പററി അതു ആ നാടകത്തിലുള്ളതല്ലേ, ആ കാവ്യത്തിലുള്ളതല്ലേ, ആ മഹാകവിയുടെ ശ്ലോകമല്ലേ, എന്നുംമററും ചോദിച്ചുകൊണ്ടാണു് തന്റെ അഗാധമായ ഭാഷാസാഹിത്യപരിചയം അദ്ദേഹം വിശദമായി വെളിപ്പെടുത്തിയതു്. ഒടുവിൽ ഓരോരുത്തരുടേയും കൈവശമുള്ള പദ്യങ്ങൾ (സ്റ്റോക്ക്)തീർന്നപ്പോൾ എന്നാൽ, ഇനി കുറച്ചുനേരം പദ്യങ്ങൾ നമുക്ക് ഉണ്ടാക്കിച്ചൊല്ലാം എന്നായി ഉള്ളൂർ. അതിന്നു ഞങ്ങൾ എവരും ഉടനടി ഏറ്റു. അപ്രകാരവും കുറെ അധികനേരം യഥാർത്ഥസാഹിത്യവിനോദാമൃതത്തിൽമുങ്ങിക്കൊണ്ടിരുന്നഞങ്ങളെ യഥോചിതം ഉപചരിപ്പാൻ അവിടെ തടിച്ചുകൂടിയിരുന്ന സാഹിത്യരസികന്മാൎക്കു ഒരു കയ്യുംകണക്കുമുണ്ടായിരുന്നില്ല. ആ മഹാകേമമായ സാഹിത്യവിനോദവും അവസാനിപ്പിച്ചശേഷം പിറേറന്നും പന്തളത്തിന്റെ വസതിയിൽ എല്ലാവരും വന്നുചേരണമെന്നുള്ള നിബന്ധനയോടുകൂടി ഞങ്ങൾഅന്നു പിരിഞ്ഞു.

മുൻ നിശ്ചയപ്രകാരം പിറേറന്നു രാവിലെ തന്നെ ഞങ്ങളെല്ലാവരും പന്തളത്തിന്റെ വസതിയിൽ ചെന്നുചേർന്നു. അന്നു അവിടെ പരേതനായ മൂലൂർ എസ്. പത്മനാഭപ്പണിക്കരുമെത്തിയിരുന്നു. അവിടെവെച്ചു ഞങ്ങളെല്ലാവരുംചേൎന്നു് ഒരു ഗ്രൂപ്പ് ഫോട്ടോ (ഒന്നായിട്ടുള്ള ഛായാപടം) എടുപ്പിക്കുകയുണ്ടായി അതിന്നു ആദ്യവസാനംവഷക്കാരനായിനിന്നിരുന്നതു് ഉള്ളൂരായിരുന്നു. അന്നും സാഹിത്യപരമായ സരസഭാഷണംകൊണ്ടും വളരെ സമയം ചെലവഴിച്ചശേഷം ഇയ്യുള്ളവൻ ഉള്ളൂരിനോടു്, കൊടുങ്ങല്ലൂർനിന്നു ഞങ്ങൾ പുറപ്പെടുവിക്കാനാലോചിക്കുന്ന "കേരളവ്യാസൻ" എന്ന മാസികയ്ക്കു എല്ലാവരും സകലവിധത്തിലുള്ള സഹായങ്ങളും ചെയ്തുതരേണ്ട കാര്യത്തെപ്പററി അപേക്ഷിച്ചു "കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമേനിയുടെ സ്മാരകമായി പുറപ്പെടുന്ന ഒരു മാസിക, വിശേഷിച്ചു അതിന്റെ പ്രവൎത്തകന്മാർ നിങ്ങൾ ചിലർ, ഇക്കാര്യത്തിൽ നിങ്ങൾക്കു എതുകാലത്തും ശുഭപ്രതീക്ഷയോടുകൂടിയിരിക്കാം" എന്നാകുന്നു ഉടനടി ഉള്ളൂർ സമാധാനം പറഞ്ഞതു്. വീണ്ടും പല സംഗതികളും സംസാരിച്ചശേഷം ആശ്രിതവത്സലനും, അത്യുദാരമതിയും, അഗാധപണ്ഡിതനും, മഹാകവിയുമായ അദ്ദേഹം എനിക്കു സാഹിത്യവിഷയകമായി സാരതരങ്ങളായ പല ഉപദേശങ്ങളും തരികയുണ്ടായി. അതു് ഉററുനോക്കിക്കൊണ്ടിരുന്ന ഒടു, ഉള്ളൂരിനോടു "എന്താ, കൊയിപ്പിള്ളിയോടു എപ്പോഴും ഉള്ളൂരിന്നു കൂടുതൽ പ്രതിപത്തികാണുന്നു. രണ്ടുപേരും പരമേശ്വരന്മാരാകയാലാണോ ഇത്രയൊക്കെ അടുപ്പം നിങ്ങൾതമ്മിൽ" എന്നു ചിരിച്ചുകൊണ്ടു ചോദിക്കയും, ഉടനടി ഉള്ളൂർ "നമ്മളൊക്കെ പഴമക്കാരല്ലേ, ഉയൎന്നുവരുന്നവരല്ലേ കൊയിപ്പിള്ളിയുംമററും, അവരെയൊക്കെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കേണ്ടതു നമ്മുടെ ചുമതലയല്ലേ" എന്നുമറുപടി പറയുകയും ചെയ്തു. അന്നത്തെ സാഹിത്യവിനോദച്ചടങ്ങും അങ്ങിനെ അവസാനിപ്പിച്ചു് ഏതാണ്ടു് പത്തുമണിക്കു ഞങ്ങൾ പിരിഞ്ഞു

ഒടുവിന്നു ഔദ്യോഗികഭാരം ധാരാളമുള്ളതിനാൽ കൂടുതൽ അവധിക്കു വഴികാണാഞ്ഞതിനാലും, എനിക്കു എന്റെ എളിയ ഉദ്യോഗസ്ഥലത്തെത്തുവാൻ വൈകിയതിനാലും ഞങ്ങൾ രണ്ടുപേരും പിന്നെ ഒരുദിവസത്തിലധികം അവിടെ താമസിച്ചില്ല. ഉള്ളൂരിനോടും, പന്തളത്തിനോടും ഞങ്ങൾ യാത്രപറഞ്ഞു പിരിയുമ്പോൾ തല്ക്കാലം സാഹിത്യവിനോദം നിൎത്തിവെയ്ക്കേണ്ടിവന്നതിനാൽ ഞങ്ങളേററവും സങ്കടപ്പെട്ടു. കണ്ണുനീർ വാൎത്തുപോയി. അങ്ങിനെയുള്ള ഞങ്ങളുടെ രസകരമായ തിരുവനന്തപുരം സൎക്കീട്ടിനെപ്പററി ഇത്രകാലമൊക്കെയായിട്ടും ദിവസത്തിലൊരിക്കലെങ്കിലും ഞാൻ ഓൎക്കാതിരിക്കാറില്ല.

ഞാൻ തിരുവനന്തപുരത്തുനിന്നു അങ്ങിനെ തിരിച്ചുവന്നശേഷം "കേരളവ്യാസൻ" എന്ന മാസിക പുറത്തിറക്കുവാൻ സകല ശ്രമങ്ങളും ചെയ്തു. ആ അവസരത്തിൽ പ്രസ്തുത മാസികയിലേയ്ക്കു എനിക്കു ആദ്യമായികിട്ടിയ ലേഖനം കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ചു ഉള്ളൂർ സരസമായി എഴുതിയ "സ്മരണകൾ" തന്നെയായിരുന്നു. അതോടുകൂടി അദ്ദേഹം എനിക്കയച്ച കത്തിൽ മാസികാപ്രവർത്തനവിഷയത്തിൽ എന്നെ പ്രത്യേകം പ്രോത്സാഹിപ്പിക്കയും, കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പററി പറയുകയാണെങ്കിൽ പല നിലയിലും തന്റെ ഗുരുവായിരുന്നു അദ്ദേഹമെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ ഗുരുഭൂതനായിരുന്ന ശ്രീ ചെങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവർമ്മകോയിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയും തമ്മിൽ നടത്തിയിരുന്ന പലകവിതക്കത്തിടപാടുകളിലും അവർതമ്മിലുള്ള അകൃത്രിമസ്നേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഒരു കവിതക്കത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനി തന്റെഗുരുനാഥനെപ്പററി,

"ലക്ഷ്മീപുരത്തുരവിവർമ്മനൃപൻ കവീന്ദ്ര
ലക്ഷ്മീപുരത്തു വിലസുന്നമണിപ്രദീപം"

എന്നും,

തന്റെ ഗുരുനാഥൻ കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ചു,

"ശീതമതികൾശിരസ്സിൽചൂടിടും കുഞ്ഞികുട്ട-
ക്ഷിതിപരിവൃഢനസ്സൽകാവ്യകൃത്താത്തമിത്രം"

എന്നുംമററും പ്രസ്താവിച്ചിരുന്നതുംതനിക്കുകേരളവ്യാസനിൽ കൂടുതൽ ഭക്തിക്കുഹേതുഭൂതമായിട്ടുണ്ടെന്നും അദ്ദേഹംസൂചിപ്പിക്കാതിരുന്നിട്ടില്ല മാത്രമല്ല, താൻ എഫ്. എ. ക്ലാസ്സിൽ വായിക്കുമ്പോൾതമ്പുരാന്റെ "ലക്ഷണാസംഗം"എന്നഭാഷാനാടകംതനിക്കുള്ള പാഠപുസ്തകങ്ങളിൽഒന്നായിരുന്ന സംഗതിയും, തമ്പുരാൻതന്റെ ഗുരുവാണെന്നു സമർത്ഥിക്കുവാൻ മതിയായ തെളിവുകളിലൊന്നാണെന്നുകൂടി വിനയാന്വിതനായ ആ കവികുലകൂടസ്ഥൻ തന്റെ കത്തിൽ പ്രസ്താവിച്ചിരുന്നു. ഉള്ളൂരാകട്ടെ, തന്റെ വാഗ്ദാനപ്രകാരം കേരളവ്യാസന്, ആ മാസിക നടത്തിയിരുന്നേടത്തോളംകാലം ഏററവും വിലയേറിയ പല സഹായങ്ങളും ചെയ്തുതരികയുണ്ടായിട്ടുണ്ടെന്നുള്ള സംഗതി കൃതജ്ഞതാപുരസ്സരം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

സ്മര്യപുരുഷനും ഞാനുംതമ്മിൽ അനന്തരകാലത്തും കൂടക്കൂടെ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. അക്കാലത്തൊരിക്കൽ ഇരിങ്ങാലക്കുടയിൽനിന്നു പുറപ്പെട്ടിരുന്ന "സദ്ഗുരു" എന്ന മാസികയിൽ ഉള്ളൂർ, "ഇന്ത്യൻറിവ്യൂ" എന്ന ഇംഗ്ലീഷ് പത്രഗ്രന്ഥത്തിൽ എഴുതിയിരുന്ന "Mountain Summit" എന്ന ചെറുകവിതയുടെ തർജ്ജമ "പർവ്വതശിഖരം" എന്ന ശീർഷകത്തിൽ ഞാൻ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഉള്ളൂരിന്റെ ഇംഗ്ലീഷിലുള്ള മയൂരസന്ദേശം തർജ്ജമ മുമ്പുതന്നെ വായിച്ചിട്ടുള്ള എനിക്കു അദ്ദേഹത്തിന് ഇംഗ്ലീഷിലും തന്മയത്വത്തോടുകൂടി ഒന്നാന്തരം കവിതകളെഴുതുവാൻ സാധിക്കുമെന്നു മനസ്സിലായിരുന്നു. "പർവ്വതശിഖരം" എന്ന കവിത "സദ്ഗുരു"വിൽ കണ്ടഉടനെ എനിക്കു ഉള്ളൂർ അയച്ചകത്തിൽ പ്രസ്താവിച്ചിരുന്നതു ഇപ്രകാരമാണ്:— "ആ ഇംഗ്ലീഷ് കവിതയ്ക്കു അത്രയൊക്കെ പ്രാധാന്യമുണ്ടോ? പക്ഷെ, നിങ്ങൾക്കെന്നോടുള്ള സ്നേഹാതിരേകമായിരിക്കാം അതു പരിഭാഷപ്പെടുത്തുവാൻ തോന്നിയതു്. ഏതായാലും തർജ്ജമ നന്നായിട്ടുണ്ട്. മൂലവും, പരിഭാഷയുമായി ഞാനൊത്തുനോക്കി. നിങ്ങളുടെ കവിതാകാമിനി ക്രമപ്രവൃദ്ധമായ അന്തസ്സോടും, അഴകോടുമാണ് ഉത്തരോത്തരം പരിലസിക്കുന്നതു്. ഈ വാത്സല്യസൂചകമായ കത്തു് എന്നെ ഏററവും സന്തുഷ്ടനാക്കുകയാൽ, എന്നോടു അത്രമാത്രം സ്നേഹവാത്സല്യാദികളുള്ള ആ മഹാകവിയ്ക്കു ഞാൻ ആരോഗ്യവും ദീർഘായുസ്സും നേരുകയുണ്ടായി.

പിന്നീടും ഞാൻ ഉള്ളൂരുമായി തുടരെത്തുടരെ കത്തിടപാടു നടത്തുകയും, പല മാസികകളിലും അദ്ദേഹത്തിന്റെ കൃതികളെപ്പററി അഭിനന്ദിച്ചുകൊണ്ടു ചില നിരൂപണങ്ങൾ പുറപ്പെടുവിക്കയും ചെയ്തുകൊണ്ടിരുന്നകാലത്താണ് എന്നെ മിതവാദിയുടെ സഹപത്രാധിപസ്ഥാനത്തേയ്ക്കു കഴിഞ്ഞുപോയ ശ്രീ. സി കൃഷ്ണൻ (മിതവാദി പത്രാധിപർ) ക്ഷണിച്ചതു്. ആ ഉദാരതയോടുകൂടിയ ക്ഷണം കൈക്കൊണ്ടു ഞാൻ ഉടനെ മിതവാദി സഹപത്രാധിപരായിട്ടും, കൂടാതെ കേരളസഞ്ചാരി (അന്നുസഞ്ചാരിയുടെയും ഉടമസ്ഥൻ ശ്രീ. സി കൃഷ്ണനായിരുന്നു.) യുടെ പത്രാധിപത്യവും ഏറെറടുത്തു. ആയിടയ്ക്കു എന്റെ അഭിപ്രായത്തോടുകൂടി യോജിച്ചുകൊണ്ടു ശ്രീ. കൃഷ്ണൻ, മിതവാദിക്കു ഉടനെ ഒരു വാർഷികവിശേഷാൽപ്രതി പുറത്തിറക്കണമെന്നു തീർച്ചപ്പെടുത്തി. ശ്രീ. പി. വി. കൃഷ്ണവാരിയരാണു മലയാളമാസികകൾക്കു ഇദംപ്രഥമമായി വിശേഷാൽപ്രതികൾ ആവശ്യമാണെന്ന നിലയിൽ "കവനകൗമുദി"ക്കു "ഭാഷാവിലാസ"മെന്നപേരിൽ വിശേഷാൽ പ്ര

തികൾ പുറപ്പെടുവിക്കാൻ തുടങ്ങിയതു് അദ്ദേഹത്തിന്റെ ആദർശവും നയവും അനുസരിച്ചാണു് എനിക്കും മിതവാദിക്കു വിശേഷാൽപ്രതി വേണമെന്നു തോന്നിയതു്. അതിലേയ്ക്കു സരസഗംഭീരങ്ങളായ ലേഖനങ്ങൾ കിട്ടുവാൻ ഞാൻ പല സുപ്രസിദ്ധസാഹിത്യകാരന്മാർക്കും, വിശേഷിച്ചു ഉള്ളൂരിന്നും എഴുതി. ഉള്ളൂരാകട്ടെ, ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു കത്തോടുകൂടി എനിക്കു ഏററവും മനോഹരമായ "വിചാരധാര" എന്നൊരു ചെറുകവിത അയച്ചുതന്നു. പക്ഷെ, ആ കത്തിൽ പ്രസ്താവിച്ചിരുന്ന രഹസ്യസംഗതികളിൽ ഒന്നു്, 'കവികൾ വർത്തമാനപത്രങ്ങളുടെ അധിപന്മാരാകരുതു്; അങ്ങനെ ചെയ്താൽ അവരുടെ കവനചാതുര്യം, പത്രഭാഷയുമായി (ഗദ്യങ്ങളുമായി) വന്നുകൂടാവുന്ന സമ്പർക്കത്താൽ നഷ്ടപ്പെടും. അതുകൊണ്ടു സൂക്ഷിക്കണേ. ഈ സംഗതി ഒരിക്കൽ വള്ളത്തോളിനെ, അദ്ദേഹം "കേരളോദയം" പത്രാധിപരായിരുന്നകാലത്തു ഞാനുപദേശിച്ചിട്ടുണ്ടു്." എന്നും മററുമായിരുന്നു്. എന്റെ ഗുണത്തെ ആസ്പദിച്ചു് അങ്ങിനെ അദ്ദേഹം എഴുതിയ അഭിപ്രായം അക്ഷരംപ്രതി പരമാർത്ഥമാണെന്നു എനിക്കു വഴിയെ ബോധംവന്നു. ഇംഗ്ലീഷു പത്രങ്ങളിൽനിന്നു അപ്പപ്പോൾ അതിവേഗത്തിൽപല ലേഖനങ്ങളും തർജ്ജമചെയ്കയും, രാഷ്ട്രീയകാര്യങ്ങളെപ്പററി പലതും എഴുതുകയും ചെയ്തുവന്നിരുന്ന എനിക്കു, കവികൾക്കു് വർത്തമാനപത്രങ്ങളുടെ ആധിപത്യം, അവരുടെ കവിതാവാസന കുറയ്ക്കുവാനിടയാക്കുന്നതാണെന്നു തോന്നിയതുകൊണ്ടു തന്നെ ഉള്ളൂരിന്റെ അഭിപ്രായം സശിരഃകമ്പം സമ്മതിക്കേണ്ടിവന്നു. പക്ഷേ, ഉപജീവനമാർഗ്ഗാന്വേഷണം സുകരമല്ലാത്ത ഒരു നിലയാണു നമ്മുടെയിടയിൽ മിക്ക സാഹിത്യകാരന്മാരുടേയുംസ്ഥിതി. അതുകൊണ്ടു ഒരുവിധം മധുരമായ ശമ്പളമുള്ള പ്രസ്തുത പത്രാധിപത്യം ഞാൻ വളരെകാലത്തോളം കൈവെടിഞ്ഞില്ല. ഉള്ളൂർ കത്തോടുകൂടി അയച്ചിരുന്ന വിചാരധാരയെന്ന ആ ചെറുകവിതയെപ്പററി ഈ അവസരത്തിൽ രണ്ടുവാക്കുപറയാതിരിപ്പാൻ നിവൃത്തിയില്ല. "വിചാരധാര" വാസ്തവത്തിൽ ഒരു വിചാരധാരതന്നെയായിരുന്നു. അത്രമാത്രം ആശയപുഷ്ടിയും തന്മയത്വവും അതിന്നുണ്ടായിരുന്നു.

ഭാഷാസാഹിത്യം കാലാനുകൂലമായപരിഷ്കാരത്തോടുകൂടി കൂടുതൽ സംസ്കാരത്തോടെപുരോഗമനംചെയ്യുന്നുണ്ടെന്നുള്ളതിനു ഉള്ളൂരിന്റെ അന്നത്തെ കൃതിയായ "വിചാരധാര" തുടങ്ങിയവ ഉത്തമ സാക്ഷ്യങ്ങളാണു്. പ്രകൃതകൃതിയിൽ, പുൽക്കെട്ടു തലയിൽവെച്ചു പോകുന്ന ഒരു ചെ.മിപ്പെൺകിടാവിനെക്കുറിച്ചു പറയുന്നതു നോക്കുക:—

"അടിച്ചപുൽക്കെട്ടു തലയ്ക്കൽവെച്ചു
താങ്ങിത്തളർന്നെത്തുമക്കിടാത്തി
തൃണത്തിലും തന്നിലതാഴെയെന്നു
തീർത്തോതിടുന്നുണ്ടു ജനത്തൊടെല്ലാം"

എത്ര മനോഹരമായ ആശയം! ഇത്തരത്തിലുള്ള രത്നാപരമായ കവനരത്നങ്ങളാണു് ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്കാത്യാവശ്യം.

ഉള്ളൂരിന്റെ "വിചാരധാര"യ്ക്കു മുഖലേഖനസ്ഥാനമാണു് ഞാൻ അന്നു മിതവാദി വിശേഷാൽപ്രതിയിൽ നല്കിയതു്. തന്മൂലം മിതവാദിയുടെ പ്രചാരം കണക്കിലേറെ വർദ്ധിച്ചു. അടുത്തവർഷത്തിലും അതിന്നുശേഷവും എന്റെ ഉത്സാഹത്താൽ ഉള്ളൂർ മിതവാദി വിശേഷാൽപ്രതികൾക്കു സരസഗംഭീരമായ കൃതികൾ സമ്മാനിച്ചിട്ടുണ്ടു്. അവയിലൊന്നാണു് "പാവങ്ങൾ" എന്നകൃതി. അതിൽ,

'തന്നാൽക്കഴിഞ്ഞവരെത്രപേരോ
താഴത്തുപാഴ്ച്ചേറിലമർന്നിരിയ്ക്കേ
താനൊററയായ് ധന്യപദംകൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം"

എന്നുതുടങ്ങിയുള്ള ചില പദ്യരത്നങ്ങളുണ്ടല്ലോ. അവയുടെ മാഹാത്മ്യത്തെപ്പററി കേവലം അസൂയാലുക്കളായ നിരൂപകന്മാർകൂടി മുക്തകണ്ഠം പുകഴ്ത്തുന്നതു എന്റെ ചെവിട്ടുകൊണ്ടുതന്നെ ഞാൻ കേട്ടിട്ടുണ്ടു്. അങ്ങിനെ മിതവാദിക്കും, കേരളസഞ്ചാരിക്കും ഉള്ളൂരിൽനിന്നു എനിക്കു വളരെ സഹായം ലഭിച്ചിട്ടുണ്ടു്. അപ്രകാരം കേവലം മിതവാദി തുടങ്ങിയ പത്രങ്ങളിലേയ്ക്കു താൻ സഹായിച്ചതു് തനിക്കു എന്നോടുള്ള സ്നേഹത്താൽമാത്രമാണെന്നുകൂടി അദ്ദേഹം ഒരിക്കൽ ഒരു സ്വകാര്യകത്തിൽ എനിക്കു എഴുതിയിരുന്നു. എന്റെപേരിൽ ആ മഹാകവിയ്ക്കുണ്ടായിരുന്ന വാത്സല്യം എത്രമാത്രമായിരുന്നുവെന്നു ഇങ്ങിനെ പല സംഗതികളാലും അനുമാനിക്കാമല്ലോ.

നമ്മുടെ മഹാകവിയുടെ "പിംഗള" "കർണ്ണഭൂഷണം" 'ശിവജി' തുടങ്ങിയ പലകവിതകളും അക്കാലത്താണു് പുറത്തിറങ്ങിയതു്. കാലാനുകൂലമായ പരിഷ്കാരത്തോടുകൂടി ഭാഷാസാഹിത്യലോകത്തിലുള്ള "പ്രസ്ഥാനവാദ"ത്തെ സംബന്ധിച്ച അഭിപ്രായങ്ങൾക്കുകൂടി പ്രകൃതകൃതികൾ നല്ലപോലെ സാക്ഷ്യംവ

ഹിച്ച "വല്ലഭനു പുല്ലുമായുധം" എന്ന നിലയിൽ ഉള്ളൂരിനു ഏതുരീതിയിലും കവിത എഴുതാമെന്നു മഹാത്മാ നിരൂപകന്മാർക്കു ബോദ്ധ്യംവരുവാൻ സംഗതിയാക്കി.

അങ്ങിനെയിരിക്കുന്ന ഒരു കാലഘട്ടത്തിലാണു സമസ്തകേരളസാഹിത്യപരിഷത്തിന്റെ രണ്ടാം വാർഷികസമ്മേളനം മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ അത്യുത്സാഹത്തിലും, ചുമതലയിലും തൃശ്ശിവപേരൂർവെച്ചു കെങ്കേമമായി നടന്നതു്. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഞാനും പോയിരുന്നു. അതോടുകൂടി സൂര്യപുരുഷനെ ഞാൻ നേരിട്ടുകാണുന്നതു നാലാമത്തെ തവണയാണു്. അന്നു തൃശ്ശിവപേരൂരിൽ കാലേക്കൂട്ടി എത്തിച്ചേർന്നിരുന്ന അദ്ദേഹം എന്റെ വരവിനെകാത്തിരിക്കയും, ഞാൻ വരില്ലേ എന്നു പലരോടും അന്വേഷിക്കുകയും ചെയ്തതായി എനിക്കു അറിയാനിടയായി ഞാനാകട്ടെ, പരിഷത്സമ്മേളനം തുടങ്ങുന്ന ദിവസമേ അവിടെ എത്തിച്ചേർന്നുള്ളു. ഉള്ളൂർമഹാകവിയെ കണ്ടുനിമിഷംമുതൽ അദ്ദേഹത്തിന്റെ അന്തേവാസിയായിത്തന്നെയാണു ഞാൻ രണ്ടുമൂന്നുദിവസം തൃശ്ശിവപേരൂരിൽ കഴിച്ചുകൂട്ടിയതു്. പരിഷത്സമ്മേളനത്തിൽ കാര്യപരിപാടിക്കനുസരിച്ചുള്ള ചില ചടങ്ങുകൾ നടത്തപ്പെടുവാൻ പ്രത്യേകമായ ചിലകാരണങ്ങളാൽ അല്പം ബുദ്ധിമുട്ടിനിടവന്നപ്പോൾ സദസ്സിൽ ഒരു ചെറിയ ബഹളമുണ്ടാകാനിടവരികയും, അന്നു ചെറുപ്പക്കാരായ ഞങ്ങൾചിലർ കുറച്ചു "എടുത്തുചാട്ടക്കാരാണെന്നു" പ്രത്യക്ഷപ്പെടുകയുംചെയ്തപ്പോൾ, സൂര്യപുരുഷൻ കേവലം നയചാതുര്യത്തോടുകൂടി ഞങ്ങളെ അടക്കിയൊതുക്കിയിരുത്തുവാൻ പ്രയോഗിച്ച സാമർത്ഥ്യവും, തന്റേടവും സ്തുത്യർഹമാണെന്നു പറഞ്ഞുകഴിയു. ഇതുകൊണ്ടെല്ലാം തീർച്ചപ്പെടുത്താം പരിപക്വമതിയായ ആ മഹാന്റെ മനോഭാവത്തിന്റെ മാഹാത്മ്യം. ആ പരിഷത്സമ്മേളനം വാസ്തവത്തിൽ, അപ്പൻതമ്പുരാൻ, ഉള്ളൂർ തുടങ്ങിയ മഹാശയന്മാരുടെ അത്യുത്സാഹത്തിലും, പ്രത്യേകമേൽനോട്ടത്തിലും ഏററവും ഭംഗിയായിത്തന്നെയാണു നടന്നതു്. അതുപോലെ അത്ര കെങ്കേമമായ ഒരു പരിഷത്സമ്മേളനം പിന്നീടുണ്ടായിട്ടുണ്ടോ എന്നു സംശയമാണു്.

മഹാകവിയെ ഞാൻ പിന്നീടുകണ്ടതും എന്റെ ഭക്തിബഹുമാനാദികൾ അദ്ദേഹത്തിൽ സമർപ്പിക്കുവാനിടവന്നതും എറണാകുളത്തു വെച്ചു 1931ലൊ മററൊ (ഇംഗ്ലീഷുവർഷം) നടന്ന പരിഷത്സമ്മേളനത്തിൽവെച്ചാണു്. അന്നും ആ മഹാശയൻ എന്റെ അഭിവൃദ്ധിയെ ലാക്കാക്കി എന്നെ അനുഗ്രഹിക്കയും, എനിക്കു പല ഉപദേശങ്ങൾ തരികയുമുണ്ടായി.

കോഴിക്കോട്ടുവെച്ചു നടന്ന പരിഷത്സമ്മേളനത്തിൽവെച്ചാണു ഞങ്ങൾ അധികസമയം അഭിമുഖസംഭാഷണം നടത്തി അത്യാനന്ദഭരിതരാകുവാനിടവന്നതു്. അന്നു പരിഷത്തിനെസംബന്ധിച്ചു് ഉല്പതിഷ്ണുക്കളെന്നു സ്വയം അഭിമാനിക്കുന്ന ചിലരുടെ ക്രൂരമായ പല നിരൂപണങ്ങൾക്കും അദ്ദേഹത്തിന്നു പാത്രീഭവിക്കേണ്ടിവന്നുവെങ്കിലും, അതിലും സൗഹാർദ്ദസമ്മേളനാവസരത്തിലും മററും പരക്കെ പ്രീതി സമ്പാദിക്കുവാനും, സർവ്വരാലുംആരാദ്ധ്യനാകുവാനും അദ്ദേഹത്തിന്നു സംഗതിവന്നു.

നിലമ്പൂർ പരിഷത്സമ്മേളനാവസരത്തിലും കാര്യമായ പല സംഗതികളിലും ആ മഹാൻ എന്റെ അഭിപ്രായവുംകൂടി സ്വീകരിച്ചതും, ആ സന്ദർഭങ്ങളിലും, എന്നോടു വാത്സല്യം കാണിച്ചതുമോർക്കുമ്പോൾ അദ്ദേഹവും ഞാനുമായി മുജ്ജന്മത്തിൽ എന്തോകടമുള്ളതുപോലെ കണക്കാക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ, ആ മഹാശയൻ, കേവലം എളിയവനായ എന്നോടു കാണിച്ചിരുന്ന പ്രതിപത്തി സാഹിത്യത്തെസംബന്ധിച്ചേടത്തോളം ഞാനുമായി വിഭിന്നാഭിപ്രായത്തിന്നിടവന്നിട്ടുള്ള പലർക്കും വലിയ "കുന്നുകടി"ക്കു കൂടി സംഗതിയായിട്ടുണ്ടെന്നു പോലും തുറന്നുപറയുവാൻ ഞാൻ ഒട്ടും ശങ്കിക്കുന്നില്ല.

കോഴിക്കോട്ടു് നടത്തപ്പെട്ട ഒരു സ്വദേശി പ്രദർശനത്തിന്റെ ഉൽഘാടനകർമ്മത്തിന്നായി അദ്ദേഹം പിന്നീടു അവിടെ വന്നപ്പോളാണു് എനിക്കു എന്റെ "ഇഷ്ടകവി"യായ അദ്ദേഹത്തെ കുറെക്കൂടി സൗകര്യമായി അഭിവാദ്യംചെയ്യുവാൻ സംഗതിവന്നതു്. അന്നും അദ്ദേഹം സാഹിത്യസംബന്ധമായി അക്കാലത്തു നടന്നിരുന്ന പല അഭിപ്രായവിത്യാസങ്ങളെക്കുറിച്ചും നിർമ്മത്സനിലയിലുള്ള നിരൂപണമാണു പുറപ്പെടുവിച്ചിട്ടുള്ളതു്. പഴമക്കാരെ മറക്കരുതെന്നും, പുതിയകൂട്ടർ ഉയർന്നുവരണമെന്നും കാര്യമായി സിദ്ധാന്തിച്ചിരുന്ന ഒരു മഹാശയനാണദ്ദേഹം.

തിരുവനന്തപുരത്തുവെച്ചുനടന്ന പരിഷത്സമ്മേളനത്തിലും എനിക്കു അദ്ദേഹത്തിന്റെ അനുഗ്രഹം

വാങ്ങിപ്പാനും, ഉപഹാരം സ്വീകരിച്ചു തൃപ്തിയടയുവാനും സംഗതിവന്നു. ഈ അത്യാനന്ദകരമായ സംഭവങ്ങളെല്ലാം യഥാർത്ഥത്തിൽ എന്റെ ജീവിതത്തിൽ എനിക്കു് ഏററവും സന്തുഷ്ടിപ്രദമായവയായിരുന്നുവെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പാലക്കാട്ടുവെച്ചുണ്ടായ പരിഷത്തിലും ഞങ്ങൾക്കന്യോന്യം സംഭാഷണം നടത്തി രസിക്കുവാൻ സമയം കിട്ടാതിരുന്നിട്ടില്ല.

മഹാകവിയെ പിന്നീടു കണ്ടു ആനന്ദിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചില്ല. എന്നാൽ ഞങ്ങൾ തമ്മിൽ ആഴ്ചയിലൊരിക്കൽ എന്ന നിലയിൽ കത്തിടവാടുകൾ നടത്തിയിരുന്നു. അവയിലെല്ലാം അദ്ദേഹം എന്റെ ക്ഷേമാദികളെപ്പററി അന്വേഷിച്ചിരുന്നു എന്നു മാത്രമല്ല, എനിക്കു വീണ്ടുംവീണ്ടും പല ഉപദേശങ്ങളും തരികയും ചെയ്തിരുന്നു. കൂടാതെ, ഓരോകത്തിലും അദ്ദേഹം, താൻ എഴുതിയിരുന്ന ഏററവും വിലപിടിച്ച സാഹിത്യചരിത്രത്തിലെയ്ക്കു പല പ്രധാനസാഹിത്യകാരന്മാരെക്കുറിച്ചുമുള്ള സൂക്ഷ്മവിവരങ്ങൾ ശേഖരിച്ചയച്ചുകൊടുക്കുവാൻ എന്നോടാവശ്യപ്പെട്ടിരുന്നു. അതു പ്രകാരം അദ്ദേഹത്തിന്റെ നിര്യാണത്തിന്നു മൂന്നാഴ്ചമുമ്പുവരെ ഞാൻ പ്രസ്തുതകൃത്യത്തിൽ ഏററവും ശ്രദ്ധിച്ചു അദ്ദേഹത്തെ പ്രത്യേകം സഹായിച്ചിട്ടുണ്ടെന്നുള്ളതു് എനിക്കു് ഏറെക്കുറെ ചാരിതാർത്ഥ്യത്തിന്നു വഴിയായിട്ടുണ്ടു്.

ഞാൻ കോഴിക്കോട്ടുനിന്നു താമസം തിരെമാററി ഏതാണ്ടു മൂന്നുകൊല്ലത്തിന്നുമുമ്പു ചിററൂരിൽവന്നു സ്ഥിരതാമസമാക്കുകയും, "വേണുഗോപാലാലയം" എന്നപേരിൽ ഒരച്ചുക്കൂടം തുടങ്ങുകയുംചെയ്തു ഉടനെ ഒരു മലയാളമാസികക്കൂടിതുടങ്ങുവാൻ ആലോചിച്ചു. ആ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായമറിയുവാനും, മാസികയ്ക്കു തക്കതായ ഒരു പേർ നല്കുവാനും, കേവലം "മുദ്രാവാക്യ"മെന്നനിലയിൽ മാസികയുടെ പുറംകവറിൽ എല്ലാകാലത്തും ചേർക്കുവാനായി ഒരു പദ്യംകൂടിതരുവാനും അദ്ദേഹത്തോടപേക്ഷിച്ചു. ഉടനെ അദ്ദേഹം എന്നെ പ്രത്യേകം പ്രോത്സാഹിപ്പിച്ചുകൊണ്ടു എനിക്കയച്ച കത്തിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.— "പ്രിയപ്പെട്ട കറുപ്പ! നിങ്ങൾ സ്നേഹപൂർവ്വം അയച്ച കത്തുകിട്ടി. നിങ്ങൾ ഇനി സാഹിത്യപരമായ വ്യവസായത്തിൽതന്നെ ഏർപ്പെട്ടു് അതിന്നുപററിയ നിലയിൽ ഒരു മലയാളമാസികതുടങ്ങുവാൻ ആലോചിക്കുന്നതു ഏററവും സന്തോഷംതന്നെ. ഇക്കാലത്തു നിങ്ങൾതുടങ്ങുന്ന മാസികയ്ക്കു പഴമക്കാരും, യഥാർത്ഥവിദ്വാന്മാരുമായ സാഹിത്യകാരന്മാരുടെ സഹായസഹകരണങ്ങൾ നിശ്ചയമായും ലഭിക്കും. നിങ്ങളുടെ മാസിക നന്നാകാതിരിക്കയില്ല. പത്രങ്ങൾ, മാസികകൾ എന്നിവ നടത്തി പഴക്കവും, തഴക്കവും സിദ്ധിച്ച ഒരാളാണല്ലോ നിങ്ങൾ. നിങ്ങൾക്കു് ഇന്നു കേരളത്തിലുള്ള യഥാർത്ഥ സാഹിത്യകാരന്മാർ പലരും സ്നേഹിതന്മാരുമാണല്ലോ. ഒരു സരസകവിക്കൂടിയായ നിങ്ങൾ നല്ലൊരു മലയാളമാസിക തുടങ്ങുന്നതു നിർമ്മത്സരമതികളായ സാഹിത്യനായകന്മാർക്കു നിശ്ചയമായും നിസ്സീമമായ സന്തുഷ്ടിക്കിടയാകും. "പാരിജാതം" എന്നാവട്ടെ മാസികയുടെപേർ. പലനിലയിലും അഭീഷ്ടസിദ്ധിവരുത്തുന്ന ഒരു അമരതരുവാണല്ലോ പാരിജാതം. പേരിന്നും ഭംഗിയുണ്ടു്. പുറംകവറിൽ

"ദിക്കാലാദ്യനവച്ഛിന്നാ-നന്തചിന്മാത്രമൂർത്തയേ
സ്വാനുഭൂത്യേകമാനായ- നമശ്ശാന്തായതേജസേ"

എന്ന സംസ്കൃതപദ്യമിടുക. ഇതു മഹത്തായ ഒരു തത്വവും എല്ലാ ജാതിമതസ്ഥന്മാർക്കും പററുന്നതുമായ ഒരു പരിപാവനപദ്യമാണു്. ഞാൻ ഒന്നാംലക്കത്തിലേയ്ക്കു ഉടനെ ഒരു ഗദ്യലേഖനം അയക്കാം.

ഇനി ദേഹത്തിന്നു വലിയ അസ്വാസ്ഥ്യമുണ്ടാവില്ലെങ്കിൽ ഓരോലക്കത്തിലേയ്ക്കും ഇടതടവെന്യേ ഗദ്യം, പദ്യം എന്നക്രമത്തിൽ ലേഖനങ്ങളയച്ചുതന്നു സഹായിക്കാമെന്നു വാഗ്ദാനംചെയ്തുകൊള്ളുന്നു. സാഹിത്യചരിത്രം മുഴുമിക്കുക, പാരിജാതത്തിലേയ്ക്കു എഴുതുക ഇവമാത്രമായിരിയ്ക്കും എന്റെ മേലാലുള്ള സാഹിത്യവ്യവസായം. നിങ്ങൾ ഒട്ടും അധൈര്യപ്പെടേണ്ട. കൊടുങ്ങല്ലൂർ ഭഗവതിയും, ആ അഭിവന്ദ്യ മഹാകവിയായ കുഞ്ഞിക്കുട്ടൻതമ്പുരാനും നിങ്ങളെ അനുഗ്രഹിക്കും. തല്ക്കാലം എനിക്കു ദേഹാലസ്യമധികമില്ല. നിങ്ങൾക്കു ക്ഷേമമെന്നു കരുതുന്നു. കഴിഞ്ഞുപോയ സി. എസ്സ്. ഗോപാലപ്പണിക്കരേയും, "പറങ്ങോടീപരിണയം" കർത്താവായ കിഴക്കേപ്പാട്ടു് കുട്ടിരാമൻമേനോനെയും പററിയുള്ള വിവരങ്ങൾ കഴിയുന്നതും വേഗത്തിൽ ശേഖരിച്ചയക്കുമല്ലോ.

സ്വന്തം ഉള്ളൂർ (ഒപ്പ്.)"

ഉള്ളൂർ ഇപ്രകാരം പ്രോത്സാഹനജനകമായി അയച്ച കത്താണു് ഉടനടി "പാരിജാതം" പുറപ്പെടുവിക്കുവാൻ എന്നെ ഉദ്യുക്തനാക്കിയതു്. താൻ വാഗ്ദാനംചെയ്തപ്രകാരം ഈ അടുത്തകാലംവരെ എന്നെ ലേഖനങ്ങൾമൂലവും, മററുനിലയിലും അദ്ദേഹം ആത്മാ

ത്ഥമായി സഹായിച്ചിട്ടുണ്ടെന്നു ഞാൻ ഇവിടെ നിസ്സീമമായ കൃതജ്ഞതയോടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹമാകട്ടെ, സ്വന്തനിലയിൽ ഏറ്റവും വിലയേറിയ സഹായങ്ങൾ പാരിജാതത്തിന്നു ചെയ്തിരുന്നതിന്നു പുറമെ, മറ്റു പല സാഹിത്യകാരന്മാരെയും എന്നെ സഹായിപ്പാൻ പ്രത്യേകം ഉപദേശിക്കയും, മാസികയുടെ നടത്തിപ്പിനെപ്പറ്റി ആത്മാർത്ഥതയോടും എനിക്കുപദേശരൂപത്തിൽ കത്തുകളയക്കയും ചെയ്തിരുന്നു. “രാമരാജ്യ”മെന്ന ഒരു ഒന്നാന്തരം ഗദ്യലേഖനമാണ് അദ്ദേഹം ഒന്നാം ലക്കത്തിലേയ്ക്കയച്ചുതന്നത്. അതിനെ അഭിനന്ദിച്ച് ഇവിടെ പല യഥാർത്ഥസാഹിത്യകാരന്മാരിൽനിന്നും, രാഷ്ട്രീയചിന്തകന്മാരിൽനിന്നും അനവധി കത്തുകൾ കിട്ടിയിട്ടുണ്ട്. രണ്ടാമതയച്ചുതന്ന “പുനശ്ചിന്ത” എന്ന പദ്യലേഖനവും സാരതരവും ചമൽക്കാരപരവുമാണ്. അപ്പോഴേയ്ക്കും ഇത്തരവേലകളെഴുതുവാൻ അദ്ദേഹത്തിന്നു ദേഹാലസ്യം പ്രതിബന്ധമായിത്തീർന്നു. എന്നിട്ടുംകൂടി എന്റെ യഥാർത്ഥരക്ഷാധികാരിയായിരുന്ന അദ്ദേഹം ചിലപ്പോൾ വിലയേറിയ പല ലേഖനങ്ങളും വളരെ സാരതരങ്ങളായ ഉപദേശങ്ങളും തരികയാണുണ്ടായതു്. മഹാത്മാഗാന്ധിയുടെ സമാധിയെ സംബന്ധിച്ചു കുറച്ചു പദ്യങ്ങൾ തരുന്നകഴിയൂ എന്നു ഞാൻ നിർബ്ബന്ധിച്ചെഴുതിയ സമയത്തു അദ്ദേഹം കൂടുതൽ സുഖക്കേടായിക്കിടപ്പായിരുന്നു. എന്നിട്ടുകൂടി അതിവേഗത്തിൽ അർത്ഥവത്തായ ഒരു കവിത എഴുതി അയച്ചുതരുവാൻ സന്മനസ്സുണ്ടായ ആ ഉദാരാശയനോടു ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു ഇവിടെ വിവരിക്കവയ്യ. തന്റെ നിര്യാണത്തിന്നു മൂന്നാഴ്ചമുമ്പുവരെ എനിക്കു മടങ്ങാതെ എഴുത്തുകൾ അദ്ദേഹം അയച്ചിരുന്നു. അദ്ദേഹം ആവശ്യപ്പെട്ടിരുന്നകാര്യങ്ങൾ മിക്കവാറും ഞാൻ കുറെയേറെപ്രയത്നിച്ചു സാധിപ്പിച്ചുകൊടുക്കുകയുമുണ്ടായിട്ടുണ്ട്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു മഹാകവി ഉള്ളൂരിന്നു എന്റെമേലുള്ള അകൃത്രിമമായ വാത്സല്യാതിരേകം പ്രസ്പഷ്ടമായല്ലോ. ചുരുക്കിപ്പറയുന്നതായാൽ, അദ്ദേഹത്തിന്റെ അഭാവത്താൽ എനിക്കു പോയതു് വലങ്കണ്ണാണ്. എന്റെ സാഹിത്യവ്യവസായത്തെ സംബന്ധിച്ചേടത്തോളം എനിക്കു എന്റെ പ്രധാനോപദേഷ്ടാവും, മഹാനായ ഒരു ഗുരുഭൂതനും ഇതാ നഷ്ടമായി “പാരിജാത”മാകട്ടെ, കേവലമാതൃഹീനത്തെയാണ്. അതിന്നു ഈ ഘട്ടത്തിൽത്തന്നെ തട്ടിയതു നിശ്ചയമായും ഭയങ്കരമായ തടിന്നിപാതവുമാണ്. ഞാൻ ഇനി ആരോടു ഉപദേശം വാങ്ങും? ആർ എന്നെ സഹായിക്കും? ഇതിലധികം എനിക്കു സ്വന്തനിലയ്ക്കു പറ്റിയ നഷ്ടത്തെപ്പറ്റി ഞാൻ ഇപ്പോൾ വിവരിക്കുന്നില്ല.

ഉള്ളൂരിന്റെ ശാശ്വതമായ വേർപാടാൽ ഭാഷാസാഹിത്യലോകം ഇന്നു ഏറ്റവും സങ്കടത്തിൽ പെട്ടിരിക്കുന്നു. ഉത്തമോത്തമമായ “ഉമാകേരളം” മഹാകാവ്യം ഒന്നുമതി അദ്ദേഹത്തിന്നു ചരിത്രത്തിലും സാഹിത്യത്തിലുമുള്ള ഉറച്ച പാണ്ഡിത്യം പ്രസ്പഷ്ടമാകുവാൻ. കൂടാതെ ചമ്പൂക്കൾ, താരഹാരം, തരംഗിണി, കിരണാവലി, ഹൃദയകൌമുദി, ചിത്രശാലാമണിമഞ്ജൂഷ തുടങ്ങിയ ഒട്ടനേകം വിശിഷ്ടകാവ്യങ്ങൾക്കുപുറമെ കാലാനുകൂലമായ സാഹിത്യസരണിയിലിറങ്ങി പരിലസിക്കുവാൻ തക്ക “പിംഗള” “കർണ്ണഭൂഷണം” എന്നുതുടങ്ങിയ കമനീയകാവ്യങ്ങളും അനേകം ഗവേഷണപരങ്ങളായ ലേഖനപരമ്പരകളും, വിവിധവിഷയത്തിൽ പ്രത്യേകിച്ചു—ചരിത്രവിഷയത്തിൽ—പ്രസിദ്ധിയേറിയ അസംഖ്യം ഗദ്യലേഖനങ്ങളും ഗദ്യഗ്രന്ഥങ്ങളും (ഗദ്യകലിക, വിജ്ഞാനദീപിക മുതലായവ) എഴുതിത്തള്ളിയ യഥാർത്ഥ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ നാൾക്കുനാൾ പ്രോജ്ജ്വലിച്ചിരുന്ന ഒരു ഉൽകൃഷ്ടതേജഃപുഞ്ജമാണ് ഇപ്പോൾ നമുക്കു നഷ്ടമായിട്ടുള്ളതു്. ഈ കഠോരമായ വിപത്തു് അഥവാ വന്നുചേർന്ന നഷ്ടം ഇനി എങ്ങിനെ നികത്തുവാൻ സാധിക്കും? വാസ്തവത്തിൽ, സമസ്തകേരളസാഹിത്യപരിഷത്തെന്ന മഹത്തായ സ്ഥാപനത്തിന്റെ വലങ്കയ്യു തന്നെയായിരുന്നു അദ്ദേഹം. ആ മഹനീയ സ്ഥാപനത്തെ പുലർത്തിപ്പോന്നതിലും, അതിന്റെ അന്തസ്സിനു ഹാനിതട്ടാതെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തിയതു, “ത്രൈമാസിക”ത്തെ ഉദാത്തം നടത്തി അത്യുൽപ്രശസ്തമായ ഒരു സാഹിത്യമഹാസമാജത്തിന്റെ ജിഹ്വയാണെന്നു വിശദമാക്കിയതും അദ്ദേഹംതന്നെയാണ്. അദ്ദേഹവുമായി കാര്യമായ ബന്ധമുണ്ടായിരുന്നകാലംവരെ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്ന ആ പത്രഗ്രന്ഥങ്ങൾക്കുണ്ടായിരുന്ന തറവാടിത്തവും, അന്തസ്സും, അഴകും ഒന്നുവേറെതന്നെയായിരുന്നു. “കണ്ണിരിക്കുമ്പോൾ അതിന്റെ ഗുണമറിയില്ല;’ അതുപോകുമ്പോഴെ അറിയുള്ളു അതി

ന്റെകോട്ടം ഈ പഴമൊഴിയെ ആസ്പദിച്ചു പറയുകയാണെങ്കിൽ, ഉള്ളൂരിന്റെ പിടിപാടിൽനിന്നു പ്രസ്തുത പത്രഗ്രന്ഥം പുറത്തുപോകുവാനിടവന്ന ശേഷം അതിന്റെ അന്തസ്സിന്നു തട്ടിയിട്ടുള്ള ക്ഷതം മാററം എത്ര വലുതായിരിക്കുന്നുവെന്നു യഥാർത്ഥസാഹിത്യനിരൂപകന്മാർതന്നെ തീർച്ചപ്പെടുത്തട്ടെ. ഇതു പറഞ്ഞതുകൊണ്ടായില്ല. യഥാർത്ഥത്തിൽ അദ്ദേഹം അത്യുത്തമനായ ഒരു ചതുർഭാഷാപണ്ഡിതൻ (ഇംഗ്ലീഷ്, മലയാളം, തമിഴ്, സംസ്കൃതം എന്നിവയിൽ അതിനിപുണനാകയാൽ) തന്നെയായിരുന്നു, കവിയുടെനിലയിൽ അദ്ദേഹത്തിന്നുള്ള സ്ഥാനം ഒന്നാന്തരം ഒരു തത്വജ്ഞാനി എന്ന നിലയിലുള്ളതാണ്. യഥാർത്ഥമഹാകവിയായ അദ്ദേഹം സാമുദായികകാര്യങ്ങളെ സംബന്ധിച്ചേടത്തോളവും വലിയ ഒരു ഉൽപ്പതിഷ്ണുവായിരുന്നുവെന്നു ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനം മുതലായ പ്രധാനസംഗതികളെപ്പററി പര്യാലോചിച്ചാലറിയാം. സമത്വവാദവും, വിനയം, മഹാപണ്ഡിതന്മാരിൽ അധികപക്ഷക്കാർക്കും കാണില്ലെന്നും, അവർ പ്രായേണ അസൂയാലുക്കളായിരിക്കുമെന്നും ഒരു ചൊല്ലുണ്ട്. എന്നാൽ, ഉള്ളൂരിനെ സംബന്ധിച്ചേടത്തോളം ആ ചൊല്ലു കേവലം നിരർത്ഥകമാണെന്നു അദ്ദേഹവുമായി അല്പമെങ്കിലും പരിചയമുള്ളവർക്ക് എളുപ്പത്തിൽ ഉള്ളപ്പോലെ ഉപലക്ഷിക്കുവാൻ കഴിയും. ഈശ്വരഭക്തി എന്ന മഹത്തായ ഗുണത്തെപ്പററി പര്യാലോചിക്കുകയാണെങ്കിൽ, യഥാർത്ഥമതനിഷ്ഠയുള്ള ഒരു അത്യുത്തമഹിന്ദുവാണദ്ദേഹം. എന്നാൽ ഈ മഹനീയങ്ങളായ സൽഗുണങ്ങളിലെല്ലാററിലും മേലെയായി അദ്ദേഹത്തിന്നു സഹജമായി ഉണ്ടായിരുന്ന അത്യുൽകൃഷ്ടസ്വഭാവമാണു സാഹിത്യലോകത്തിൽ പെരുമാറുന്ന സകലസഹൃദയരോടുമുള്ള സഹോദരനിർവിശേഷമായ സ്നേഹം. യുവസാഹിത്യകാരന്മാരെയും, ചെറുപ്പക്കാരായ ഭാഷാസേവനഹികളെയും ഉയർത്തിക്കൊണ്ടുവരുവാനും, അവരെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിച്ചു ഉന്നതസ്ഥാനത്തെത്തിക്കുവാനും അദ്ദേഹത്തിന്ന്, മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമേനിയുമായും മററുമായുള്ള സംസർഗ്ഗംമൂലം സിദ്ധിച്ച ഗുണവിശേഷങ്ങളെപ്പററി എത്രതന്നെ പുകഴ്ത്തിയാലും മതിയാകയില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏതാണ്ട് അർദ്ധഭാഗത്തോളമുള്ള പ്രയത്നത്തിന്നിടവന്നിട്ടുള്ള "കേരളസാഹിത്യചരിത്രം" ഒരുവിധം പരിപൂർണ്ണമാക്കിവെച്ചിട്ടാണു അദ്ദേഹം ദിവംഗതനായിട്ടുള്ളത്. അത് അദ്ദേഹത്തെസംബന്ധിച്ചേടത്തോളം സ്ഥിരമായ ഒരു സ്മാരകമായിത്തീരുമെന്നും, അതുമൂലം ഭാഷാസാഹിത്യചരിത്രങ്ങൾ എന്നപേരിൽ ഇതേവരെ പ്രസിദ്ധീകൃതമായിട്ടുള്ള — പല കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും ഊഹങ്ങളെയും ആസ്പദിച്ചുള്ള — പല ഗ്രന്ഥങ്ങളാലും യഥാർത്ഥ സാഹിത്യകാരന്മാരെപ്പററിയും മററും സാമാന്യേന പലർക്കും നേരിട്ടിട്ടുള്ള സംശയങ്ങളും തെററിദ്ധാരണകളും തീരെ നീങ്ങുമെന്നുമാകുന്നു എന്റെ പ്രബലമായ അഭിപ്രായം.

മഹാകവി ഉള്ളൂരിന്റെ അപദാനങ്ങളെപ്പററി ഇനിയും വിസ്തരിക്കുവാൻ തുടങ്ങിയാൽ ഇതുപോലെ സുദീർഘമായ നൂറിലധികം ലേഖനങ്ങൾ എനിക്കു എഴുതേണ്ടിവരും. തൽക്കാലം ഇതിലധികം ആ മഹാശയനെപ്പററി പ്രസ്താവിക്കുവാൻ അദ്ദേഹത്തിന്റെ ദേഹവിയോഗംമൂലം നേരിട്ടിട്ടുള്ള "കഠോരദുഃഖ"ത്താൽ അതിവിവശനായിരിക്കുമ്പോൾ എനിക്കു സാധ്യമല്ല. ആ മഹാമനസ്കൻ, ഭാഷാസാഹിത്യസരണിയിൽ സുഗമമായി സഞ്ചരിക്കുവാൻ തക്കനിലയിൽ നമുക്കു കാണിച്ചുതന്നിട്ടുള്ള യഥാർത്ഥ തത്വദീപം നമ്മുടെ അജ്ഞാനാന്ധ്യത്തെ തീരെ ദൂരീകരിച്ച്, അതു നമ്മെ ഉത്തരോത്തരം ഉൽബുദ്ധരാക്കുവാനിടവരുത്തട്ടെയെന്നും, ആ പുണ്യചരിതന്റെ പരിശുദ്ധാത്മാവു നിത്യസമാധാനത്തിൽ ലയിക്കുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും മററു ബന്ധുക്കൾക്കും സംഭവിച്ചിട്ടുള്ള കഠിനമായ ദുഃഖത്തിൽ ഞാൻ ആത്മാർത്ഥമായി അനുശോചിക്കുകയും ചെയ്തുകൊള്ളുന്നു.


## കൈകണ്ട മരുന്നുകൾ.

**രക്തവാതത്തിനും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.**

രക്തവാതം ഏഴേഴു ദിവസംകൊണ്ടും കണ്ഠമാല മൂന്നാറുദിവസംകൊണ്ടും സുഖപ്പെട്ടു.

അപേക്ഷിക്കേണ്ടും മേൽവിലാസം—

എം. എൻ. ഭട്ട, ചിററൂർ-കൊച്ചിൻ.